കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാണാവള്ളി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.7/201/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി, 11.06.2020

ഫോൺ : 0477 2252753

ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാണാവള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാണാവള്ളി ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.7/201/2020 തീയതി:11.06.2020

# ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 01.4.2018 മുതൽ 06.11.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.വി. സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.12.2019 മുതൽ 16.12.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ [ഹ.ഗ്രേ.]<br>ശ്രീമതി.മായ.വി. ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.പ്രീത., ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

**1. പ്രസിഡന്റ്**

| | |
|---|---|
| ശ്രീ. രാജേഷ് വിവേകാനന്ദ | 01.04.2017 മുതൽ 29.11.2018 വരെ<br>30.11.2018 മുതൽ 21.12.2018 വരെ (ഒഴിവ്) |
| ശ്രീ.പ്രദീപ്കൂടയ്ക്കൽ | 22.12.2018 മുതൽ 31.03.2019 വരെ |

**2. സെക്രട്ടറി**

| | |
|---|---|
| ശ്രീമതി. പ്രസന്നകുമാരി. എൽ | 01.04.2018 മുതൽ 20.08.2018 വരെ |
| | |

| | |
|---|---|
| ശ്രീ.വിൻസെന്റ് ഡിസൂസ (ചാർജ്ജ്) | 21.08.2018 മുതൽ 30.08.2018 വരെ |
| ശ്രീ.കെ.സി.ശിവദാസൻ | 31.08.2018 മുതൽ 31.03.2019 വരെ |

**3. <u>സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ</u>**

| | | | |
|---|---|---|---|
| 1. | ധനകാര്യം | ശ്രീമതി. ഷീബ സത്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീ. പ്രേംലാൽ | 01.04.2018 മുതൽ 31.03.2019 വരെ |
| 3. | ക്ഷേമകാര്യം | ശ്രീമതി. ഷീല കാർത്തികേയൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീ. പി. കെ. സുശീലൻ | 01.04.2018 മുതൽ 31.03.2019 വരെ |

**4. <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സിന്ധു. എം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. അരുൺ മിത്ര | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. രാജേശ്വരി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ദിവ്യ. സി. ബി | 01.04.2018 മുതൽ 31.03.2019 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി പൊന്നമ്മ.കെ.ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. മന ജയൻ. ഒ.എ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി മോളി. ഇ | 01.04.2018 മുതൽ 28.02.2019 വരെ |
| | ശ്രീമതി ഇന്ദുലേഖ | 01.03.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി നിഷ. എം. ബി | 01.04.2018 AN മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്, യു.പി.എസ് | ശ്രീമതി മൈഥിലീദേവി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. തൃച്ചാറ്റുകുളം | ശ്രീമതി. സജിത. എസ് | 01.04.2018 മുതൽ 19.07.2018 വരെ |
| | ശ്രീ.ഉണ്ണിക്കുട്ടൻ | 20.07.2018 മുതൽ 16.01.2019 വരെ |
| | ശ്രീമതി.ബിൻസി അഗസ്റ്റിൻ | 17.01.2019 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. ഓടമ്പള്ളി | ശ്രീ. രജീഷ്. ടി. എസ് | 01.4.2018 മുതൽ 22.07.2018 വരെ |
| | ശ്രീമതി.ബിൻസി അഗസ്റ്റിൻ | 23.07.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഷിൻഡ്യ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ജയറാം നായ്ക്കൻ | 01.04.2018 മുതൽ 22.06.2018 FN വരെ |
| | ശ്രീ.വിൻസെന്റ് ഡിസൂസ | 22.06.2018 AN മുതൽ 31.03.2019 വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1മുതൽ 1-10 വരെ | പൊതു അവലോകനം |
| 2 | 1-11 | പണം പിൻവലിക്കൽ- തുകകൾ കൃത്യമായി എൻട്രി വരുത്തുന്നില്ല |
| 3 | 1-12 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല |
| 4 | 1-13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നില്ല |
| 5 | 1-14 | ഒരേ കെട്ടിടത്തിലെ മുറികൾക്ക് വ്യത്യസ്ത വഴി സൗകര്യം നൽകി നികുതി നിർണ്ണയിച്ചതിനാൽ വരവ് നഷ്ടം |
| 6 | 1-15 | വാടക കുടിശ്ശിക |
| 7 | 1-16 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ |

| | | |
|---|---|---|
| 8 | 1-17 | തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല |
| 9 | 1-18 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക /സേവനങ്ങൾ) - അപാകങ്ങൾ |
| 10 | 1-19 | കളക്ഷൻ ചാർജ്ജ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല |
| 11 | 1-20 | ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചിട്ടില്ല |
| 12 | 1-21 | അങ്കണവാടി കെട്ടിങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല |
| 13 | 1-22 | വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല |
| 14 | 1-23 | പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നത് |
| 15 | 1-24 | ത്രൈമാസ റിട്ടേൺ ചെലവ് |
| 16 | 1-25 | ചെലവുരേഖകൾ ലഭ്യമാക്കിയില്ല |
| 17 | 1-26 | എൽ.ഇ.ഡി തെരുവുവിളക്ക് വാങ്ങൽ (പ്രോജക്ട് നം-3/19)-പദ്ധതി ലക്ഷ്യം നടപ്പായില്ല |
| 18 | 1-27 | തെരുവുവിളക്കുകളുടെ റിപ്പയർ - എല്ലാ അറ്റകുറ്റപ്പണികൾക്കും മെറ്റീരിയൽസിന്റെ വില കൂടി നൽകി |
| 19 | 1-28 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - തുക വിനിയോഗിക്കപ്പെട്ടിട്ടില്ല |
| 20 | 1-29 | ദുരിതാശ്വാസനിധിയിലേക്ക് സംഭാവന |
| 21 | 1-30 | ISO സർട്ടിഫിക്കേഷൻ (പ്രോജക്ട് നം- 170/2019) – സർക്കാർ ഉത്തരവ് പ്രകാരമല്ലാത്ത നിരക്കിൽ തുക അനുവദിച്ചു |
| 22 | 1-31 | തദ്ദേശസ്ഥാപനങ്ങളുടെ വാങ്ങൽ മാർഗ്ഗരേഖ പാലിച്ചില്ല |
| 23 | 1-32 | കാർഷിക പദ്ധതികൾ- വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല |
| 24 | 1-33 | ലാപ് ടോപ്പ് വാങ്ങൽ -പ്രൊക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല |
| 25 | 1-34 | ഖരമാലിന്യസംസ്കരണം - ഹരിതകർമ്മസേന പ്രവർത്തിക്കുന്നില്ല – പ്രോജക്ടിൽപ്പെടുത്തി തുക ചെലവഴിക്കുന്നു |
| 26 | 1-35 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ തൃപ്തികരമല്ല |
| 27 | 1-36 | പി.വി.സി. വാട്ടർ ടാങ്ക് (പട്ടികജാതി വിഭാഗം) - ഒരു ടാങ്ക് വിതരണം ചെയ്തിട്ടില്ല |
| 28 | 1-37 | ലൈഫ് ഭവനപദ്ധതി - മുൻകൂർ കൈപ്പറ്റി - ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല |
| 29 | 1-38 | പ്രീ-പ്രൈമറി ജീവനക്കാരുടെ വേതനം - രേഖകൾ ഹാജരാക്കിയില്ല |
| 30 | 1-39 | സാക്ഷരതാമിഷൻ - തുല്യതാപഠനം - രേഖകൾ ഹാജരാക്കിയില്ല |
| 31 | 1-40 | പരമ്പരാഗത കൈത്തൊഴിലുകൾക്ക് ധനസഹായം - സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധന പാലിച്ചിട്ടില്ല |
| 32 | 1-41 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് - യഥാസമയം റിക്വിസിഷൻ നൽകാതെ ഫണ്ട് നഷ്ടപ്പെടുത്തി |
| 33 | 1-42 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ |
| 34 | 1-43 | സാന്ത്വന പരിചരണം-അപാകതകൾ |
| 35 | 1-44 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം |
| 36 | 1-45 | ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം |
| **ഭാഗം – 2** | | |
| ഇല്ല | | |
| **ഭാഗം – 3** | | |
| 37 | 3-1 | കാർഷിക പദ്ധതികൾ- വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല |
| **ഭാഗം – 4** | | |
| 38 | 4-1 മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

| | | |
|---|---|---|
| 39 | അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 40 | അനുബന്ധം2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018-ാം തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 194202354 | 270681735 |
| വാർഷികകണക്ക് പ്രകാരം | 122709284 | 121776056 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 18.05.2019 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 26905063 |
| വരവ് | 122709284 |
| ആകെ | 149614347 |
| ചെലവ് | 121776056 |
| നീക്കിയിരിപ്പ് | 27838291 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ<br>(ACR പ്രകാരം) | | 22907031 | 22907031 | 22697065 | 209966 |
| വികസന ഫണ്ട്-എസ്.സി.പി<br>(ACR പ്രകാരം) | | 9516000 | 9516000 | 9118353 | 397647 |
| വികസനഫണ്ട്-ടി.എസ്.പി<br>(ACR പ്രകാരം) | | 398000 | 398000 | 398000 | 0 |
| മെയിന്റനൻസ്, റോഡ്<br>(ACR പ്രകാരം) | | 3171000 | 3171000 | 1548523 | 1622477 |
| മെയിന്റനൻസ്, നോൺ-റോഡ്<br>(ACR പ്രകാരം) | | 5173000 | 5173000 | 5049616 | 123384 |
| സെൻട്രൽ ഫിനാൻസ്<br>കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | | 12882993 | 12882993 | 9840863 | 3042130 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 197989378 | 115 | 101188391 | 5 | 44 | 70.12% |

**<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>**

1. സുജലം പദ്ധതി
2. ഘടകസ്ഥാപനങ്ങളുടെ നവീകരണം
3. സ്കൂളുകൾക്ക് പഠിപ്പുര
4. മുങ്ങുതറ കോളനി റോഡ്
5. വില്ലേജ് വീരമംഗലം റോഡ് ടാറിംഗ്
6. പൊന്നാരത്ത് കാരിപ്പൊഴി റോഡ്
7. തെരുവു വിളക്ക് റിപ്പയറിംഗ്

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11052 | 760676 | 771728 | 760298 | 11430 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 57262702 | 57262702 | 57262702 | 0 |
| ആകെ | 11052 | 58023378 | 58034430 | 58023000 | 11430 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 647640 | 513 |
| കർഷകതൊഴിലാളി പെൻഷൻ | 5225800 | 942 |
| വിധവാ പെൻഷൻ | 16985200 | 2923 |
| വാർദ്ധക്യകാല പെൻഷൻ | 37277800 | 7039 |
| വികലാംഗ പെൻഷൻ | 6953700 | 1153 |
| അവിവാഹിത പെൻഷൻ | 971100 | 164 |
| | | |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.2019 | 01.10.2019 -31.10.2019 | 05.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2015-2016 | 2015-2016 | ലഭ്യമായില്ല. |

## 1-9 ആഭ്യന്തരനിയന്ത്രണം

1. വൗച്ചറുകൾ ക്രമമായി നമ്പരിട്ടു സൂക്ഷിക്കുകയോ ബിൽ രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
2. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
5. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.
8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
9. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
10. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി/പി9-557/2019/27.06.2019 പ്രകാരം പുറപ്പെടുവിച്ച സർട്ടിഫിക്കറ്റിലെ അപാകതകൾ പരിഹരിച്ചിട്ടില്ല. ഓഡിറ്റ് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വികസനഫണ്ട് (ജനറൽ) വിഭാഗത്തിൽ 2018-19 വർഷം ആകെ 22908000/- രൂപ വരവുണ്ട്. ഇതിൽ 969/- രൂപ KSEB കുടിശികയായി ഉറവിടത്തിൽ കുറവ് ചെയ്തിരുന്നു. എന്നാൽ ഇതുൾപ്പെടാതെയുള്ള സംഖ്യയാണ് ACR ലും AFS ലും ഈ ഇനത്തിലെ വരവ് ചെലവ് കണക്കായി ഉൾപ്പെടുത്തിട്ടുള്ളത്. തൻമൂലം വാർഷിക കണക്ക് യഥാർത്ഥ സാമ്പത്തികനില വെളിപ്പെടുത്തുന്നില്ല.
2. 31.03.2019-ൽ ജില്ലാ സഹകരണബാങ്ക് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ നടത്തിയിട്ടുള്ളത് ശരിയായ രീതിയിലല്ല.

1. Cheque deposited but not collected :- ചെക്ക് നം.036927/27.03.2019 പ്രകാരം തൊഴിൽനികുതി ഇനത്തിൽ അഞ്ചുതറ ഫുഡ് പ്രോഡക്റ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ച 11575/- രൂപ, 981055/26.03.2019 പ്രകാരം പൂച്ചാക്കൽ മെഡിക്കൽ സെന്ററിൽ നിന്നും ലഭിച്ച വസ്തുനികുതി 28680/- രൂപ

എന്നിവ 30.03.2019-ൽ ബാങ്കിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ഈ തുകകൾ തെറ്റായി പ്രസ്തുത ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2. Cheque issued but not presented into bank :- ഈ ഹെഡിൽ ചേർത്തിട്ടുള്ള, ചെക്ക് നം. 030004 പ്രകാരം ശ്രീ.സ്റ്റീഫന് നൽകിയ 13003/-, ചെക്ക് നം. 030005 പ്രകാരം ശ്രീ. ക്ലീറ്റസിന് നൽകിയ 15400/- രൂപ എന്നിവ 04.04.2019-ലെ ചെക്കുകളാണ്. എന്നാൽ തെറ്റായി 29.03.2019-ൽ നൽകിയതായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുകയും 31.03.2019-ൽ ഈ തുക ക്യാൻസൽ ചെയ്ത് വരവായി രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

3. 31.03.2019-ലെ uncashed ചെക്കുകൾ പലതും റിക്കൺസിലിയേഷൻ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ചെക്ക് നം. | തുക | ബാങ്കിൽ ചെലവ് രേഖപ്പെടുത്തിയ തീയതി | നൽകിയത് |
|---|---|---|---|
| 29983/21.03.2019 | 18177 | 03.04.2019 | BSNL ന് നൽകിയ തുക |
| 030003/30.03.2019 | 6700 | 03.04.2019 | ശ്രീ. രാധാകൃഷ്ണൻ |
| 29974/15.03.2019 | 1203 | 08.04.2019 | മെഡിക്കൽ ഓഫീസർ., ഹോമിയോ |
| 29999/26.03.2019 | 2000 | 29.05.2019 | ശ്രീ. അരുൺരാജ് |

4. 31.03.2019 നുമ്പ് ബാങ്കിൽ നൽകിയതായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള പല ചെക്കുകളും അക്കൗണ്ടിൽ വരവ് വച്ചിട്ടുള്ളത് പ്രസ്തുത തീയതിക്ക് ശേഷമാണെങ്കിലും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഇവ ഉൾപ്പെടുത്തിയിട്ടില്ല.

| ചെക്ക് നം. | തുക | ബാങ്കിൽ വരവ് വന്നത് | വരവിനം |
|---|---|---|---|
| 000377/22.03.2019 | 62749 | 06.04.2019 | HDFC വസ്തുനികുതി |
| 0003906/28.03.2019 | 511 | 02.04.2019 | വസ്തുനികുതി |

5. <u>ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് 1919</u>

1) Cheque deposited but not presented into bank എന്ന ഹെഡിൽ രേഖപ്പെടുത്തിയ തുകകൾ 31.3.2019 ന മുൻപ് പണമാക്കിയെങ്കിലും uncashed cheques ആയി റിക്കൺസിലിയേഷൻ നടത്തിയിട്ടുള്ളത് ശരിയല്ല (ചെക്ക് നം.888104/6.2.19=1,60,000/-, ചെക്ക് നം.2752820/6.2.19=103850).
2) ചെക്കുകൾ നൽകുന്ന മുറയ്ക്ക് ബാങ്ക് ബുക്കിലും ചെക്ക് ഇഷ്യൂ രജിസ്റ്ററിലും എൻട്രി വരുത്തുന്നില്ല.
അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

# 1-11 പണം പിൻവലിക്കൽ- തുകകൾ കൃത്യമായി എൻട്രി വരുത്തുന്നില്ല

<u>പിൻവലിക്കലുകളുടെ പരിശോധന</u>

ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ട് നം. 40211001005816-ൽ നിന്നുള്ള പിൻവലിക്കലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചെക്കുകൾ നൽകുന്ന മുറയ്ക്ക് ബാങ്ക് ബുക്കിലും ചെക്ക് ഇഷ്യൂ രജിസ്റ്ററിലും എൻട്രി വരുത്തുന്നില്ല.

ഉദാ:-

എ) ശ്രീ. ഷാജിക്ക് ഓഡിറ്റോറിയം വാടക ഡെപ്പോസിറ്റ് തിരികെ നൽകുന്നതിനായി 031011/27.04.2019 ചെക്ക് പ്രകാരം നൽകിയ 2000/- രൂപ 10.05.2019 -ലാണ് ബാങ്കിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. എന്നാൽ ഈ തുക ബാങ്ക് ബുക്കിലും ചെക്ക് ഇഷ്യൂ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുള്ളത് 30.07.2019 – ലാണ്.

ബി) 23982/30.04.2018 പ്രകാരം ശ്രീ.ഗണേശ് ഭട്ടിന് നൽകിയ 550/- രൂപയും സ്പൈറൽ ബൈന്റിംഗിനായി ശ്രീമതി രേഖ മനേഷിന് 23990/30.04.2018 ചെക്ക് പ്രകാരം നൽകിയ 9100/- രൂപയും ബാങ്ക് ബുക്കിലും ചെക്ക്

ഇഷ്യൂ രജിസ്റ്ററിലും രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത് 01.03.2019 -ലാണ്. ഈ തുകകൾ ബാങ്കിൽ നിന്നും പിൻവലിച്ചിട്ടുള്ളത് 30.04.2018-ലാണ്.

സി) മഴക്കാലപൂർവ്വ ശുചീകരണത്തിനായി 23.05.2018-ൽ ബാങ്കിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള (direct'y credited to bank) 180000/- രൂപ 01.03.2019-ലാണ് ബാങ്ക് ബുക്കിൽ വരവ് വച്ചിട്ടുള്ളത്.

2) ക്യാൻസൽ ചെയ്ത ചെക്കുകൾ പ്രകാരമുള്ള തുക ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത് ഇതുവരെ ക്യാൻസൽ ചെയ്ത് (റിവേഴ്സ് എൻട്രി) വരവായി രേഖപ്പെടുത്തിയിട്ടില്ല.

ഉദാ:-

| ചെക്ക് നം. | ബാങ്ക് ബുക്കിൽ ചേർത്ത തുക | തീയതി |
|---|---|---|
| 28347/30.01.2019 | 2000 | 30.01.2019 |
| 29939/27.02.2019 | 1150 | 27.02.2019 |

3) ചെക്കുകൾ പ്രകാരം പിൻവലിച്ച പല തുകകളും ബാങ്ക് ബുക്കിൽ ചേർത്തിട്ടില്ല.

ഉദാ:-

| ചെക്ക് നം. | ബാങ്കിൽ നിന്നും തുക പിൻവലിച്ച തീയതി | തുക | തുക നൽകിയത് |
|---|---|---|---|
| 29962/06.03.2019 | 14.03.2019 | 1150 | നിയോൺ ഇൻഫോടെക് |
| 29980/20.03.2019 | 09.04.2019 | 2529 | ശ്രീമതി രേഖ |

4) ബാങ്ക് ബുക്കിലും ചെക്ക് ഇഷ്യൂ രജിസ്റ്ററിലും ചെക്കുകളുടെ നമ്പറുകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

| ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയ ചെക്ക് നം. | തുക | ശരിയായ ചെക്ക് നം. |
|---|---|---|
| 28337/23.01.2019 | 2577 | 28339 |
| 28357/01.02.2019 | 2000 | 28356 |
| 030019/10.04.2019 | 16100 | 031004 |

5) ചെക്ക് നം. 2180106/29.03.2019 പ്രകാരം ശ്രീകണ്ഠേശ്വരം സ്കൂളിൽ നിന്നും ലഭിച്ച തൊഴിൽനികുതി 47250/- രൂപ ഇതുവരെ ബാങ്കിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/24.12.19) മറുപടി ലഭ്യമാക്കിയില്ല. ഈ തുക ബാങ്ക് അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

6)ജോയിന്റ് വെഞ്ചർ അക്കൗണ്ട് 1919 ൽ നിന്നും 20/04/19 ൽ 8884120 നമ്പർ ചെക്ക് പ്രകാരം 67897/- രൂപ പിൻവലിച്ചിട്ടുണ്ട്. ടി ചെക്ക് സാംഖ്യയിൽ രേഖപ്പെടുത്തുകയോ, ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

7.എസ്.റ്റി.എസ്.ബി അക്കൗണ്ട് 05 – ൽ നിന്നും 09/04/19 - ൽ 74470 നമ്പർ ചെക്ക് പ്രകാരം 227503/- രൂപയും, 74471 നമ്പർ ചെക്ക് പ്രകാരം 30550/-രൂപയും, 74472 നമ്പർ ചെക്ക് പ്രകാരം 31875/-രൂപയും മാറിപ്പോയിട്ടുണ്ട്. ടി ചെക്ക് സാംഖ്യയിൽ രേഖപ്പെടുത്തുകയോ, ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ കണക്കുകൾ കൃത്യമായി എൻട്രി വരുത്തപ്പെടുന്നില്ലന്ന് മേൽ പരാമർശങ്ങളിൽ നിന്നും വ്യക്തമാണ്. അക്കൗണ്ടുകളിലെ വിനിമയങ്ങൾ കൃത്യമായി എൻട്രി വരുത്തുകയും കണക്കുകളുടെ കൃത്യത ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-12 വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല

പാണാവള്ളി ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ കണക്കുകൾ പ്രകാരം പഞ്ചായത്തിന് 2018-19 സാമ്പത്തിക വർഷം വസ്തുനികുതി ഇനത്തിൽ ആകെ പിരിഞ്ഞുകിട്ടാനുള്ള തുക, കുടിശ്ശികയായി ലഭിക്കാനുള്ള 61.65 ലക്ഷം രൂപയും തൻവർഷ ഡിമാന്റായി 47.20 ലക്ഷം രൂപയും ഉൾപ്പടെ, ആകെ 1.09 കോടി രൂപയാണ് . ഇത് സംബന്ധിച്ച് അനുബന്ധ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ആകെ ലഭിക്കാനുണ്ടായിരുന്ന 61.65 ലക്ഷം രൂപ കുടിശ്ശികയിൽ 11.15 ലക്ഷം രൂപ മാത്രമാണ് (18%) പഞ്ചായത്തിന് പിരിച്ചെടുക്കാനായത്. തൻവർഷ ഡിമാന്റായി ഉൾപ്പെടുത്തിയ 47.20 ലക്ഷം രൂപയിലാകട്ടെ 26.07 ലക്ഷം മാത്രമാണ് (55.23.%) പിരിച്ചെടുത്തിട്ടുള്ളത്. ഈ രണ്ടിനങ്ങളിലുമായി 37.22 ലക്ഷം രൂപയാണ് ആകെ വസ്തുനികുതി വരുമാനമുള്ളത്. ഇത് ആകെ വസ്തുനികുതിയുടെ 34.19% മാത്രമാണ്.

2) പഞ്ചായത്ത് റവന്യൂ റിക്കവറിക്ക് നൽകിയിട്ടുള്ളതും വിവിധ കേസുകളിലുൾപ്പെട്ടവയുമായ വസ്തുനികുതി ഡിമാന്റ് സംഖ്യ amount understay എന്ന വിഭാഗത്തിൽ പിരിച്ച നികുതിയോട് ചേർത്താണ് പഞ്ചായത്ത് ആകെ കളക്ഷൻ കണക്കാക്കി വരുന്നത്. യഥാർത്ഥ നികുതി പിരിവ് നടന്നിട്ടില്ലാത്ത amount understay എന്ന വിഭാഗത്തിൽ 50.27 ലക്ഷം രൂപയാണ് പഞ്ചായത്ത് കണക്കിലുള്ളത്. ഇത് സുപ്രീം കോടതിയുടെ വരെ പരിഗണനയിലിരിക്കുന്ന കേസുകളിലെ വസ്തുനികുതി കൂടി ഉൾപ്പെട്ട സംഖ്യയാണ്. ജില്ലയിലെ മറ്റു പഞ്ചായത്തുകളെല്ലാം തന്നെ 100% നികുതി പിരിവ് ലക്ഷ്യമിട്ട് ഊർജ്ജിത നികുതിപിരിവ് നടപടികൾ സ്വീകരിക്കുകയും അവയിൽ പലതും 100% നികുതി പിരിവ് സാധ്യമാക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ പാണാവള്ളി ഗ്രാമപഞ്ചായത്തിലെ നികുതി പിരിവ് കേവലം മൂന്നിലൊന്ന് മാത്രമാണ്.

ഗ്രാമപഞ്ചായത്തിലെ നികുതി പിരിവിൽ ഉണ്ടായിട്ടുള്ള ഗണ്യമായ കുറവ് പരിഹരിക്കുന്നതിന് അടിയന്തിര തുടർ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും, പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-13 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നില്ല

പാണാവള്ളി ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച അസസ്സ്മെൻറ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്വെയർ, നികുതി പിരിവ് കണക്ക് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള 7 മൊബൈൽ ടവറുകളുടെ വിവരങ്ങളാണ് സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇവയെല്ലാം തന്നെ തുടർച്ചയായി നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ടവറിന്റെ പേര് | വിലാസം | നികുതി കുടിശ്ശിക |
|---|---|---|---|
| 5/148/D | M/S INDUS TOWERS LIMITED | INDUS AVENUE, NH BYPASS ROAD | 31,980/- |
| 6/365/A | Reliance Telecom Infrastructureli 38/628 A & P Arkkade | S.A Road,Kochi | 22,050/- |

| | | | |
|---|---|---|---|
| 7/190/B | SUB DIVISIONAL ENGINEER | BSNL MOBILE SERVICE | 37,485/- |
| 7/222/B | Wireless Tata Tele Service Ltd | S.L Plaza, Palarivatum. | 31,752 |
| 11/290/t | M/s Tower Vision | India Ltd,E.K.M | 44,100 |
| 12/126 | M/s Rilance Communication Ltd | Sahodaran Ayappan Road Kadavanthara Kochi | 66150 |
| 12/176 | Assr Telicom Infrastructure (p) Ltd | North Railway Station, Kochin 18 | 62,486 |
| | Total | | **2,96,003** |

ഗ്രാമപഞ്ചായത്ത് നികുതി പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ രീതിയിൽ ഇടപെടാത്തതിന് തെളിവാണ് ഇത്ര നാളുകളായി തുടർച്ചയായി നികുതി ഒടുക്കാതിരിന്നിട്ടും, കുടിശ്ശിക തുക 3 ലക്ഷം രൂപയോളമെത്തിയിട്ടും നികുതി നൽകാതെ ഈ ടവറുകൾ പ്രവർത്തനം തുടരുന്നത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളുടേയും നികുതി നിർണ്ണയം നടത്തി എന്നുറുപ്പവരുത്തുന്നതിനും സ്ഥാപനങ്ങൾക്ക് കുടിശ്ശിക നോട്ടീസ് നൽകുന്നതിലുപരിയായി കുടിശ്ശികസംഖ്യ ഈടാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഒരേ കെട്ടിടത്തിലെ മുറികൾക്ക് വ്യത്യസ്ത വഴി സൗകര്യം നൽകി നികുതി നിർണ്ണയിച്ചതിനാൽ വരവ് നഷ്ടം

പാണാവള്ളി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ ശ്രീ.രാജേഷ് കുമാർ, കൈനിമുറ്റത്ത്, എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടം 1/436, 1/436 C, 1/436 D എന്നീ മുറികളായി വിഭജിച്ച് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് 2018-19 ലാണ്. ഫയലിനൊപ്പമുള്ള പ്ലാൻ പ്രകാരം വിവിധ മുറികളായി ഒരേ റോഡിന് സമീപം സ്ഥിതിചെയ്യുന്ന ഒരേ കെട്ടിടത്തിന്റെ 436 എന്ന മുറിയെ 5 മീറ്ററിലധികം വീതിയുള്ള റോഡ് സൗകര്യത്തിനുള്ള ഗണത്തിലും 436 C, 436 D മുറികളെ 1.50 മീറ്ററിലധികം വീതിയുള്ള റോഡ് സൗകര്യത്തിനുള്ള ഗണത്തിലും ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതു മൂലം 436 C, 436 D മുറികളുടെ വസ്തുനികുതിയിൽ നഷ്ടം വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി | ബാധകമായ വസ്തുനികുതി | കുറവ് |
|---|---|---|---|---|
| 1/436 C | 49.85 $m^2$ commercial | 3299/-(വഴി സൗകര്യത്തിനുള്ള വർദ്ധനവില്ലാതെ) | Rs.4030/- | Rs.731/- |
| 1/436 D | 34. $m^2$ commercial | 2250/-(വഴി സൗകര്യത്തിനുള്ള വർദ്ധനവില്ലാതെ) | Rs.2749/- | Rs.499/- |
| | | ആകെ | | 1,230/- |

ഗ്രാമപഞ്ചായത്ത് 2018-19 ൽ നികുതി നിർണ്ണയിച്ച മറ്റ് കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ നോട്ടിഫിക്കേഷൻ നടത്തി സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ വീതിയുടെ അടിസ്ഥാനത്തിൽ റോഡുകളെ വേർതിരിച്ചതിന്റെ വിശദവിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ ഒരേ റോഡിൻെറ സമീപമുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം പലപ്പോഴും വ്യത്യസ്ത നിരക്ക് നൽകുന്നതിന് ഇടയാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ M.L.A റോഡിനെ 1.50 മീറ്ററിലധികം വീതിയുള്ള (5 മീറ്ററിൽ താഴെ) വിഭാഗത്തിലാണ് ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നത്. M.L.A റോഡിനേക്കാൾ കുറഞ്ഞ വീതിയുള്ള റോഡുകൾ പലതും 5 മീറ്ററിൽ കൂടുതൽ വീതിയുള്ളവയുടെ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഈ റോഡിന് സമീപമുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ ബാധകമാക്കേണ്ട വഴി സൗകര്യത്തിനുള്ള 20% വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല (ഉദാ: 13/358,13/399,13/360 നം. കെട്ടിടങ്ങൾ). സഞ്ചയ സോഫ്റ്റ്വെയറിലെ പല കെട്ടിടങ്ങളുടെയും Form 6 പരിശോധിച്ചതിൽ റോഡിന്റെ പേര് പലതിലും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വഴി സൗകര്യത്തിനുള്ള

നികുതി നിർണ്ണയിച്ചതിന്റെ കൃത്യത പരിശോധിക്കാനാകുന്നില്ല. മേൽ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 വാടക കുടിശ്ശിക

2018-19 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 6/557-ാം നമ്പർ കടമുറിയുടെ വാടക കുടിശ്ശികയായ 6370/-രൂപ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം-18-ന് മറുപടിയായി കുടിശ്ശിക തുക അടവാക്കുന്നതിന് വാടകക്കാരന് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

പാണാവള്ളി ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. ഓരോ സാമ്പത്തിക വർഷത്തെയും ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ സംബന്ധിച്ച സമഗ്രമായ വിവരം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കുറച്ച് വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിലും ബാക്കി സോഫ്റ്റ്വെയറിലും മറ്റ് വിവരങ്ങൾ ഫയലിലും എന്ന രീതിയിലുമാണ് പരിശോധനയ്ക്ക് ലഭ്യമാകുന്നത്. ആകെ അപേക്ഷകൾ, പെർമിറ്റ് അനുവദിച്ചവ, നിരസിച്ചവ, റഗുലറൈസേഷനുള്ള അപേക്ഷകൾ, ഒടുക്കിയ ഫീസ്, പെർമിറ്റ് അനുവദിച്ച തീയതി, പെർമിറ്റ് കാലാവധി, റഗുലറൈസേഷൻ ഫീസ് എന്നിങ്ങനെ പെർമിറ്റ് സംബന്ധമായ അടിസ്ഥാന വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.
2. കെട്ടിട നിർമ്മാണ അപേക്ഷകളുടെ തീർപ്പാക്കൽ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തുന്നില്ല. ഒരു അപേക്ഷ അപാകത പരിഹരിക്കുന്നതിനായി മടക്കി തിരികെ ലഭിക്കുമ്പോൾ പുതിയ അപേക്ഷയായാണ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നത്. ആയതിനാൽ ഒരേ വ്യക്തിയുടെ പേരിൽ 3-4 അപേക്ഷാനമ്പരുകൾ വരെ പല തവണകളായി രജിസ്റ്ററിൽ ചേർത്തുവരുന്നു. നിരസിച്ചതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ പ്രത്യേകമായി രേഖപ്പെടുത്തുന്നുമില്ല.
3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2018-19 ൽ പെർമിറ്റ് ബാധകമായ നിയമാനുസൃത പരിധിക്ക് മുകളിലുള്ള ധാരാളം കെട്ടിടങ്ങൾ പെർമിറ്റില്ലാതെ നിർമ്മിക്കുകയും പിന്നീട് ഇവ ക്രമവത്ക്കരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സെക്രട്ടറി 229813/ആർ.ഡി2/2016 നമ്പർ കത്തുപ്രകാരം നൽകിയ സ്പഷ്ടീകരണത്തിൽ പെർമിറ്റ് എടുത്ത ശേഷം നിർമ്മാണ സമയത്തുള്ള അധിക നിർമ്മാണത്തിനുള്ള ക്രമവത്കരണത്തിൽ നിന്നും വ്യത്യസ്തമായി പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോൾ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കേണ്ടതാണ്. പെർമിറ്റ് ഫീസിന്റെ രണ്ട് മടങ്ങാണ് രാജിയാക്കൽ ഫീസ്. പെർമിറ്റ് എടുത്ത് നിർമ്മാണം തുടങ്ങിയശേഷം അംഗീകൃത പെർമിറ്റിൽ നിന്നും അധികരിച്ച് നിർമ്മിക്കുന്ന കെട്ടിടഭാഗങ്ങൾക്കാണ് രാജിയാക്കൽ ഫീസ് മാത്രം ഈടാക്കാവുന്നത്. എന്നാൽ പെർമിറ്റ് വാങ്ങാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോഴും നിലവിൽ പഞ്ചായത്ത് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. ഇതു മൂലം ഈയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ വലിയ കുറവ് വന്നിട്ടുണ്ട്. 2018-19 ൽ ഈവിധം കുറഞ്ഞ ഫീസീടാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ) | ഉപയോഗം | ഈടാക്കേണ്ട ഫീസ് പാർപ്പിടം e3/$m^2$ വാണിജ്യം e5/$m^2$ | ഈടാക്കിയ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | രഞ്ജിത്, | 107.25 | പാർപ്പിടം | 965 | 644 | 321 |

| | | | | | | |
|---|---|---|---|---|---|---|
| | പള്ളിപ്പാട്ട്, പള്ളിവെളി XIV/154 C | | | | | |
| 2 | അബൂബക്കർ കിഴക്കേകൊല്ലരേഴത്ത് പെരുമ്പളം | 185.65 | പാർപ്പിടം | 1671 | 1114 | 557 |
| 3 | കൃഷ്ണൻകുട്ടി,ആതിര, ഇരുമ്പനം | 55.50 | വാണിജ്യം | 833 | 555 | 278 |
| 4 | ജോയ്,താമരവെളി, ഉളവയ്പ്പ് | 192.73 | പാർപ്പിടം | 1735 | 1156 | 579 |
| 5 | രമാദേവി,നെന്മലശ്ശേരിൽ തൃച്ചാറ്റുകുളം | 172.00 | പാർപ്പിടം | 1548 | 1162 | 386 |
| 6 | രാജു എസ്, വളവങ്കേരി നികർത്ത് | 144.60 | പാർപ്പിടം | 1301 | 868 | 433 |
| 7 | സീതി കെ.പി, സിയാദ് മൻസിൽ | 84.55 | വാണിജ്യം | 1269 | 846 | 423 |
| 8 | സബ്ണൽ ദുലാൽ, തണ്ണിക്കാട്,കളവംകോടം | 85.42 | വാണിജ്യം | 1281 | 854 | 427 |
| 9 | ഗോപാലകൃഷ്ണൻ നായർ പുതുശ്ശേരിൽ | 94.51 | വാണിജ്യം | 1418 | 946 | 472 |

2018-19 ൽ പെർമിറ്റ് വാങ്ങാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ ക്രമവത്ക്കരിച്ചിട്ടുള്ള എല്ലാ ഫയലുകളിലും ഈവിധം കുറഞ്ഞ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. മേൽ വിഷയം പരിശോധിച്ച് ഫീസിൽ വന്ന കുറവ് പരിഹരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധ വാർഷിക പത്രികകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ **204** പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഓരോ അർദ്ധവർഷവും **60** ദിവസത്തിൽ കുറയാതെ തൊഴിൽ, കല, ജോലി എന്നിവയിലേർപ്പെട്ടുകയോ ഉദ്യോഗം വഹിക്കുന്നതോ ആയ എല്ലാവരും നിയമപ്രകാരമുള്ള വരുമാന സ്ലാബിനനുസൃതമായ തൊഴിൽ നികുതി നൽകേണ്ടതാണ്. **2018-19** കാലയളവിൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

**(a)** താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിട്ടില്ല.

തൃച്ചാറ്റുകുളം ദേവസ്വം (1&2 അർദ്ധ വർഷം)

സി.കെ.വി ഹോസ്പിറ്റൽ-(2-ാം അർദ്ധ വർഷം)

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളു ഷാപ്പുകൾ, റേഷൻ കടകൾ,അങ്കണവാടികൾ എന്നിവിടങ്ങളിലെ ജീവനക്കാർ, കോൺട്രാക്ടർമാർ, സി.ഡി.എസ് അക്കൗണ്ടന്റ്, പാലിയേറ്റീവ് നേഴ്സ് എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(b) സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | അനുഗ്രഹ ബാങ്ക് ,തൃച്ചാറ്റുകുളം | I & II |
| 2. | കെ.എസ്.ഇ.ബി | I & II |
| 3. | മാവേലി സ്റ്റോർ | I & II |
| 4. | ബി.എസ്.എൻ.എൽ ,പൂച്ചാക്കൽ | I & II |
| 5. | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, പൂച്ചാക്കൽ | I & II |
| 7. | മാതാ ഡെന്റൽ ക്ലിനിക്ക് | II |
| 8. | ഫെഡറൽ ബാങ്ക് | II |
| 9. | സി.കെ.വി ഹോസ്പിറ്റൽ | I & II |
| 10. | ദീപാ ഹോസ്പിറ്റൽ | I & II |
| 11. | പാണാവള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I & II |
| 12 | പൂച്ചാക്കൽ ക്ഷീരോല്പാദക സഹകരണ സംഘം എ170ഡി ആപ്കോസ് | I & II |
| 13 | തൃച്ചാറ്റുകുളം ക്ഷീരോല്പദക സഹകരണ സംഘം എ176 ഡി ആപ്കോസ് | I & II |
| 14 | തളിയാപറമ്പ് ക്ഷീരോല്പാദക സഹകരണ സംഘം എ 65ഡി ആപ്കോസ് | I & II |
| 15 | വീരമംഗലം ക്ഷീരോല്പാദക സഹകരണ സംഘം എ249ഡി ആപ്കോസ് | I & II |
| 16 | മരതകം കാർഷിക വിപണനം കേന്ദ്രം | I & II |

വിശദീകരണം നൽകുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-26/13.12.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി/സ്ഥാപന നികുതി ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. തൊഴിൽ നികുതി കൃത്യമായും കാര്യക്ഷമമായും പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-18 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക /സേവനങ്ങൾ) - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തന്മൂലം എല്ലാ വ്യാപാരികളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നതായോ തൊഴിൽ നികുതി ഒടുക്കുന്നതായോ ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇത് ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനിടവരുത്തും. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്തെങ്കിലും ക്രിയാത്മകമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല. എല്ലാ വ്യാപാരസ്ഥാപനങ്ങളെ കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനും അവരെ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളുടേയും, റേഷൻ കടകളുടേയും, വിവരങ്ങളും അവ ലൈസൻസ് എടുത്തിട്ടുണ്ടോ എന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 30) മറുപടി ലഭ്യമാക്കിയിട്ടില്ല. കാർഷിക ഉൽപന്നങ്ങൾ വിപണനം നടത്തുന്ന മരതകം എന്ന സ്ഥാപനം 2018-19 ൽ ലൈസൻസ് എടുത്തിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് എസ്.ആർ.ഒ നം.674/2017 dt.31.10.2017(സ.ഉ നം.80/2017/ത.സ്വ.ഭ.വ തീയതി 31/10/2017) പ്രകാരം വന്ന ഭേദഗതികൾ പ്രകാരം സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പട്ടിക 2 പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളിലും നിന്ന് 500/- രൂപയിൽ കുറഞ്ഞ ലൈസൻസ് ഫീ ആണ് ഈടാക്കിയിട്ടുള്ളത്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 കളക്ഷൻ ചാർജ്ജ് ലഭിക്കുന്നതിന് നടപടികൾ സ്വീക്കരിച്ചിട്ടില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 3/7.12.19) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ തൻവർഷം 153439/-രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി ഒടുക്കിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഒടുക്കിയ തുകയിൽ നിന്നും കളക്ഷൻ ചാർജ്ജ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചിട്ടില്ല

2018-2019 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 46 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ 1,34,512/- രൂപ ലഭിച്ചിരുന്നു. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിട്ടുള്ള ടെണ്ടർ ഫീസ് തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ടി തുക എത്രയുംവേഗം തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-21 അങ്കണവാടി കെട്ടിങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല

പൊതുവിദ്യാഭ്യാസവകുപ്പ് ഉത്തരവ് നം.ജി.ഒ.(ആർ.ടി)2422/2007/പൊ.വി.വ./1.8.2007 പ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺഎയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു എൽ.എസ്.ജി.ഡി.എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അൺഎയ്ഡഡ് ഹൈസ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു 1000/- രൂപയാണ് ഫീസ്. ടി പഞ്ചായത്തിലെ സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സംബന്ധിച്ച നൽകിയ എൻക്വയറിക്ക് മറുപടിയിൽ അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകിയില്ലായെന്ന മറുപടിയാണ് ലഭിച്ചത്. സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച് 12.09.2011-ലെ 42448/ ഈ.ഡബ്ല്യു3/2011/ത.സ്വ.ഭ.വ, നമ്പർ സർക്കുലർ പ്രകാരം സർക്കാർ പൊതു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ യാതൊരു

പ്രീ-പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കാൻ പാടില്ലെന്നും, അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവിട്ടിരുന്നു.

മേൽ സാഹചര്യത്തിൽ പ്രീ-പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് സ്കൂളുകളും, പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും ലഭ്യമാക്കേണ്ടതും ഫിറ്റ്നസ് ഇല്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്ന് 30.12.2016-ലെ 792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകൾ, അങ്കണവാടികൾ എന്നിവ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയിലെ അംഗങ്ങൾ ഉറപ്പാക്കേണ്ടതാണ്.

## 1-22 വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

2018-2019 സാമ്പത്തിക വർഷത്തെ വൗച്ചറുകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബിൽ രജിസ്റ്റർ പ്രകാരം പല വൗച്ചറുകളും ക്രമമായി നമ്പരിട്ടു ചേർത്തിട്ടില്ല.
2. ഒരു മാസത്തെ വൗച്ചറുകളിൽ തന്നെ മറ്റു മാസത്തെ വൗച്ചറുകളും ഉൾപ്പെടുത്തിയിരിക്കുന്നു.
3. ബിൽ രജിസ്റ്ററിലും ഓരോ മാസത്തെ വൗച്ചറിനൊപ്പവും പല വൗച്ചറുകളുടെയും വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ തനതുഫണ്ടിൽ നിന്നും പിൻവലിച്ച തുകയും അതിന്റെ വിശദാംശങ്ങളും പരിശോധിക്കാൻ സാധിച്ചില്ല.
4. വൗച്ചർ നം.21800287/31.7.18=2000/-(deposit refund) 21800287/1.8.18=49992(salary of secretary)

   വൗച്ചർ നം.21800288/31.7.18=2000/-(deposit refund)

   21800288/1.8.18=299415(salary of staff) എന്നിങ്ങനെ ഇരട്ടിപ്പ് വന്നിട്ടുണ്ട്.
5. വൗച്ചർ നം.21800271, 21800314 മുതൽ 21800337 വരെ, 370, 372, 373 മുതൽ 376 വരെ, 393, 404 മുതൽ 407 വരെ, 432, 434 മുതൽ 438 വരെ, 440, 451മുതൽ 454 വരെ, 454, 457 മുതൽ 472 വരെ, 525,527 മുതൽ 531 വരെ, 552, 564 മുതൽ 621 വരെ, 637 മുതൽ 640 വരെ, 657, 664, 693, 695, 820, 822, 867 മുതൽ 869 വരെ, 881 മുതൽ 886 വരെ, 905 മുതൽ 969 വരെ, 988, 990, 997, 21801056, 1078, 21801102, 1110, 1115, 1129, 1131 മുതൽ 1137 വരെ, 1140, 1144, 1145, 1151, 1155 വരെയുള്ള വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.
6. വൗച്ചർ നം.21800703 മുതൽ 21800769 വരെ ബിൽ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും 2-ാം മാസത്തെ വൗച്ചറിനൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

മേൽ അപാകങ്ങൾ പരിഹരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നത്

സ.ഉ (പി) 7/2016/ഫിൻ തീയതി 20.01.2016 പ്രകാരം **ജീവനക്കാരുടെ** പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-2018, 2018-2019 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 3 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കാനും മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. 3-മത്തെ ഗഡു അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി

01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷനും ആയതിന് ശേഷം ജോലിയിൽ പ്രവേശിച്ചവരുടെ കോൺട്രിബ്യൂട്ടറി പെൻഷനും അടവാക്കി വിശദ വിവരം അറിയിക്കേണ്ടതാണ്.

## 1-24 ത്രൈമാസ റിട്ടേൺ ചെലവ്

ത്രൈമാസ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനായി ഗണേഷ് ഭട്ട്, ഇൻഫോടെക്ക് എന്നീ സ്ഥാപനങ്ങൾക്ക് ഫണ്ടിൽ നിന്നും തുക നൽകി വരുന്നുണ്ട്. ത്രൈമാസ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിന് 4400/- രൂപയിലധികമാണ് സ്ഥാപനം ചാർജ്ജ് ചെയ്യുന്നത്. പഞ്ചായത്തിലെ മരാമത്ത് വിഭാഗത്തിൽ നിന്നുള്ള ആദായ നികുതി റിട്ടേണുകൾ ഇൻഫോടെക്ക് എന്ന സ്ഥാപനമാണ് തയ്യാറാക്കി നൽകുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ആർക്ക്/ഇനം | നൽകിയ സ്ഥാപനം | വൗച്ചർ നമ്പർ | തുക |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ<br>ഒന്നും രണ്ടും പാദവർഷം, 2017-18 | ഇൻഫോടെക്ക് | 21800187/20.06.2018 | 1950 |
| 2 | പഞ്ചായത്ത് ജീവനക്കാർ<br>ഒന്നാം പാദവർഷം, 2018-19 | ഗണേഷ് ഭട്ട് | 21800678/19.11.2018 | 650 |
| 3. | പഞ്ചായത്ത് ജീവനക്കാർ<br>രണ്ടാം പാദവർഷം,2018-19 | | 21800679/19.11.2018 | 650 |
| 4. | പഞ്ചായത്ത് ജീവനക്കാർ<br>മൂന്നാം പാദവർഷം,2017-18 | | 21800041/16.04.2018 | 550 |
| 5. | പഞ്ചായത്ത് ജീവനക്കാർ<br>മൂന്നാം പാദവർഷം,2018-19 | | 21801045/14.03.2019 | 600 |
| | | ആകെ | | 4400 |

ആദായനികുതി നിയമം സെക്ഷൻ 200(3) പ്രകാരം നികുതി ഈടാക്കുന്ന ഉദ്യോഗസ്ഥൻ തന്നെയാണ് റിട്ടേണുകൾ തയ്യാറാക്കി സമർപ്പിക്കാനും ചുമതലപ്പെട്ടിരിക്കുന്നത്. **ഇലക്ട്രോണിക്കായി** തയ്യാറാക്കാവുന്ന ഈ റിട്ടേണുകളുടെ uploading ന് മാത്രമാണ് സേവനദാതാക്കളെ ആവശ്യമായി വരുന്നത്. ഇതിനാകട്ടെ 50 രൂപ വരെ മാത്രമാണ് ചാർജ്ജുള്ളത്. റിട്ടേണുകൾ ഫയൽ ചെയ്യുന്ന സേവനത്തിന് മറ്റ് സേവനദാതാക്കൾ ഈടാക്കുന്നതിലും 3 ഇരട്ടി തുക നിലവിൽ ചെലവഴിക്കപ്പെടുന്ന സാഹചര്യത്തിൽ കുറഞ്ഞ നിരക്കിൽ ഈ സേവനം ലഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ചെലവുരേഖകൾ ലഭ്യമാക്കിയില്ല

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.11.2018 – ലെ ഇ1.3945/14 പ്രകാരം വെള്ളപ്പൊക്കദുരിതാശ്വാസവുമായി ബന്ധപ്പെട്ടുള്ള ശുചീകരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടി വാർഡ് ഒന്നിന് 25,000/- രൂപ വീതം അലോട്ട് ചെയ്തതിൻ പ്രകാരം 18 വാർഡുള്ള പാണാവള്ളി പഞ്ചായത്തിനും 10-ാം വാർഡ് ഒഴിച്ച് മറ്റ് 17 വാർഡിനായി ആകെ 4,25,000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ 29/3/19-ലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഇ5-8537/16 നമ്പർ കത്ത് പ്രകാരം ശുചീകരണ പ്രവർത്തനങ്ങൾക്ക് അലോട്ട് ചെയ്ത തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച മുഴുവൻ തുകയും 29.03.2019 നകം സറണ്ടർ ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിനാൽ ചെലവഴിക്കാതെ അവശേഷിച്ച തുകയായ 4,18,200/- രൂപ (425000-6800) വൗച്ചർ നം.21801158/30.3.19 പ്രകാരം പിൻവലിച്ച് 2245-02-101-94-flood other items എന്ന ഹെഡിൽ ഒടുക്കിയിട്ടുണ്ടെന്നു ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി തുക സറണ്ടർ ചെയ്തതിന്റെ രേഖകൾ ആവശ്യപ്പെട്ടും ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയ 6800/- രൂപയുടെ (425000 – 418200) ചെലവു രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/11.12.19) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 6800/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവുരേഖളോ, സറണ്ടർ വിവരമോ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 എൽ.ഇ.ഡി തെരുവുവിളക്ക് വാങ്ങൽ (പ്രോജക്ട് നം-3/19)-പദ്ധതി ലക്ഷ്യം നടപ്പായില്ല

ബിൽ നം.27/18-19 Rs.22,01,600/- c/o 26.03.2019

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾ, ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി എൽ.ഇ.ഡിയായി മാറ്റുന്നതിനുള്ള പദ്ധതി പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 2018-19 സാമ്പത്തിക വർഷം 22,01,600/- രൂപ ചെലവഴിച്ചിട്ടുണ്ട്. 24 വാട്ട് എൽ.ഇ.ഡി ലൈറ്റ് (L.D.R) 699 എണ്ണം 3150/- രൂപ നിരക്കിൽ കെൽ (കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കം ലിമിറ്റഡ്) പനമ്പിള്ളി നഗർ ശാഖയിൽ നിന്നാണ് വാങ്ങിയത്. സെക്രട്ടറി നടപ്പാക്കിയ പദ്ധതിയുടെ ഫയൽ പരിശോധിച്ചതു പ്രകാരം കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി നിലവിലെ തെരുവുവിളക്കുകൾ മാറ്റി 699 എണ്ണം 24 വാട്ട് എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് (07/12/18) ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബിക്ക് നൽകി വന്നിരുന്ന വൈദ്യുതി ചാർജ്ജ് 81,637/- രൂപയായിരുന്നു. എന്നാൽ പദ്ധതി നടപ്പാക്കി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചതിന് ശേഷവും നിലവിൽ നൽകുന്ന (04/11/2019) വൈദ്യുതി ചാർജ്ജ് 86,910/- രൂപയാണ്. പദ്ധതി പ്രകാരം തുക ചെലവഴിച്ചതിന് ആനുപാതികമായ വൈദ്യുത ചാർജ്ജ് കുറവ് ഗ്രാമപഞ്ചായത്തിന്റെ വൈദ്യുതി ബില്ലിൽ ഇതുവരെ വന്നിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി പ്രകാരം കെ.എസ്.ഇ.ബിയിൽ നിന്നും പഞ്ചായത്ത് ലഭ്യമാക്കിയ താരിഫ് വിവരങ്ങൾ പ്രകാരം താഴെപ്പറയുന്ന ഇനം വൈദ്യുതി വിളക്കുകൾക്ക് ബാധകമായ താരിഫ് നിരക്കിലാണ് വൈദ്യുതി ചാർജ്ജ് ഗ്രാമപഞ്ചായത്ത് നിലവിലും നൽകി വരുന്നത്.

| ഇനം | തെരുവുവിളക്കുകളുടെ എണ്ണം | താരിഫ് നിരക്ക് | ആകെ നിരക്ക് |
|---|---|---|---|
| ഓർഡിനറി ബൾബ് 40 W | 270 nos | Rs.73/- | Rs.19,710/- |
| ഓർഡിനറി ബൾബ് 60 W | 88 nos | Rs.112/- | Rs.9,856/- |
| ഫ്ലൂറസെന്റ് ട്യൂബ് – 1 x 40 W | 10 nos | Rs.73/- | Rs.730/- |
| ഫ്ലൂറസെന്റ് ട്യൂബ് – 2 x 40 W | 294 nos | Rs.147/- | Rs.43218/- |
| സോഡിയം വേപ്പർ ലാമ്പ് – 1 x 250 W | 13 nos | Rs.492/- | Rs.6,396/- |
| സി.എഫ്.എൽ – 2 x 11 W | 200 nos | Rs.35/- | Rs.7000/- |
| | | | |

| | | | |
|---|---|---|---|
| ആകെ | | | Rs.86,910/- |

10/05/2018 – ൽ ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി പൂച്ചാക്കൽ സെക്ഷനിൽ നൽകിയ എച്ച് 1002/2016 നമ്പർ കത്ത് പ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്.

എ) പഞ്ചായത്ത് ഭൗതിക പരിശോധന നടത്തിയത് പ്രകാരം നിലവിൽ ഒരു പോസ്റ്റിൽ പോലും സാധാരണ ബൾബുകൾ ഉപയോഗിക്കുന്നില്ല.

ബി) 2017-18 വർഷത്തെ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ 110 ഫ്ലൂറസെന്റ് ട്യൂബുകളും 142 സി.എഫ്.എൽ ലാമ്പുകളും മാറ്റി പകരം 252 എണ്ണം എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

സി) നിലവിലുള്ള തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനായി 2013-14 പദ്ധതിയിൽ 09/05/2014 – ൽ

462718-ാം നമ്പർ ഡി.ഡി പ്രകാരം 715000/- രൂപ കെ.എസ്.ഇ.ബിക്ക് നൽകിയെങ്കിലും ഇതുവരെ മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

ഇതിൽ നിന്നും പഞ്ചായത്തിൽ നിലവിലില്ലാത്ത ഓർഡിനറി ബൾബുകളുടെ വൈദ്യുതി ചാർജ്ജായി പ്രതിമാസം 29,566/- രൂപയും സോഡിയം വേപ്പർ ലാമ്പുകൾക്കായി 6,396/- രൂപയുമാണ് കെ.എസ്.ഇ.ബിക്ക് നൽകുന്നത്. നിലവിലുണ്ടായിരുന്ന 110 ഫ്ലൂറസെന്റ് ട്യൂബുകളും 142 സി.എഫ്.എൽ ലാമ്പുകളും മാറ്റി പകരം 252 എണ്ണം എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചെങ്കിലും ബില്ലിൽ ഇവ കുറവ് വരുത്തിയിട്ടില്ല. ഏറ്റവും കുറഞ്ഞത് 20,400/- രൂപ (10x73) + (100x147) + (142x35) ഈയിനത്തിൽ കുറവ് ചെയ്യേണ്ടതാണ്. 2017-18, 2018-19 വർഷങ്ങളിലായി ആകെ 951 L.E.D ലാമ്പുകളാണ് (252 + 699) പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ 22/- രൂപ മാത്രം ഒന്നിന് പ്രതിമാസം താരിഫ് നിരക്കുള്ള ഇവ ഒന്നുപോലും കെ.എസ്.ഇ.ബി ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) വാങ്ങിയ 24 വാട്ട് എൽ.ഇ.ഡി ലൈറ്റ് (L.D.R) ഓരോ വാർഡിലും എത്ര എണ്ണം വീതമാണ് സ്ഥാപിച്ചിരിക്കുന്നത് എന്നതിന്റെ വിവരങ്ങളും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപിച്ച വിളക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റ് നൽകുകയാണ് ചെയ്തിട്ടുള്ളത്. 11-ാം വാർഡ് മെമ്പറുടെ സാക്ഷ്യപത്രത്തിൽ പുതിയതായി സ്ഥാപിച്ച എൽ.ഇ.ഡി ലൈറ്റുകളിൽ ചിലത് കത്തുന്നില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കെൽ മാറി നല്കിയതിന്റെ വിവരങ്ങളില്ല.

3) പഞ്ചായത്ത് ആകെ വാങ്ങിയ 699 എൽ.ഇ.ഡി ലൈറ്റുകളിൽ 688 എണ്ണം സ്ഥാപിച്ചതായാണ് 07/04/2019 ലെ ബി-3/19 നമ്പർ കത്ത് പ്രകാരം കെ.എസ്.ഇ.ബിയെ അറിയിച്ചിട്ടുള്ളത്. ഇവയുടെ സ്റ്റോക്ക് വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. സ്ഥാപിച്ചത് 699 എൽ.ഇ.ഡി ലൈറ്റുകളാണെന്നും ക്ലറിക്കൽ പിശക് മൂലമാണ് 688 എന്ന തെറ്റായ കണക്ക് നൽകിയതെന്നാണ് പിന്നീട് വിശദീകരണം നൽകിയത്.

4) പാണാവള്ളി ഗ്രാമപഞ്ചായത്തിലുള്ള ആകെ തെരുവുവിളക്കുകളുടെ എണ്ണം, ഉപയോഗിച്ചിരിക്കുന്ന ഇനങ്ങൾ എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമല്ല. പഞ്ചായത്തിലെ ആകെ തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി ചേർന്ന് നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവുവിളക്കുകളുടെ വാർഡടിസ്ഥാനത്തിലുള്ള നമ്പറിംഗ് പോലുള്ള കാര്യങ്ങളും നടന്നിട്ടില്ല.

5) പദ്ധതിക്കായി 2018 ഒക്ടോബർ 11 ന് ഗ്രാമപഞ്ചായത്തും കെൽ-ഉം തമ്മിൽ ഒപ്പുവെച്ച കരാർ വ്യവസ്ഥ 7, 8 എന്നിവ പ്രകാരം നിലവിലുള്ള തെരുവുവിളക്കുപകരണങ്ങൾ നീക്കം ചെയ്ത ശേഷമാണ് പുതിയവ സ്ഥാപിക്കുന്നത്. ഇവ കെൽ പഞ്ചായത്തിന് കൈമാറുന്നതാണ്. 699 തെരുവു വിളക്കുപകരണങ്ങൾ പഞ്ചായത്ത് കൈപ്പറ്റിയതിന്റെ വിവരങ്ങളോ സ്റ്റോക്കിൽ ഉൾപ്പെടുത്തിയതിന്റെയും **ലേലം നടത്തിയതിന്റെയും വിവരങ്ങളോ ഹാജരാക്കിയില്ല.** ഇവയുടെ പുനരുപയോഗം സംബന്ധിച്ച കാര്യങ്ങൾ കണക്കിലെടുക്കാതെയാണ് പദ്ധതി നടപ്പാക്കിയത്. ആയതിനാൽ പ്രവർത്തനക്ഷമമായ ഉപകരണങ്ങൾ പോലും ഉപയോഗമില്ലാതെ സൂക്ഷിക്കപ്പെടുന്ന അവസ്ഥയിലായിത്തീർന്നു.

6) തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനായി 09/05/2014 – ൽ 462718-ാം നമ്പർ ഡി.ഡി പ്രകാരം കെ.എസ്.ഇ.ബിക്ക് നൽകിയ 715000/- രൂപ പ്രകാരമുള്ള മീറ്ററിംഗ് സമ്പ്രദായം ഇതുവരെ

ഏർപ്പെടുത്തിയിട്ടില്ലാത്ത തിനാൽ ഈ തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 തെരുവുവിളക്കുകളുടെ റിപ്പയർ - എല്ലാ അറ്റകുറ്റപ്പണികൾക്കും മെറ്റീരിയൽസിന്റെ വില കൂടി നൽകി

**പ്രോജക്ട് നം.100/19**

പാണാവള്ളി ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ റിപ്പയർ പ്രവൃത്തികളുടെ കരാർ നൽകിയിരുന്നത് ശ്രീ. അജിത് പ്രസാദ്, കൊല്ലംപറമ്പിൽ, മുഹമ്മ എന്നയാൾക്കാണ്. 2018-19 കാലയളവിൽ പദ്ധതി പ്രകാരം 97,845/- രൂപ ശ്രീ. അജിത് പ്രസാദിന് നൽകിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ 73 ഡബിൾ ട്യൂബ് സെറ്റുകൾക്ക് ഒന്നിന് 625/- രൂപ, 70 സിംഗിൾ ട്യൂബ് സെറ്റുകൾക്ക് ഒന്നിന് 450/- രൂപ 51 സിംഗിൾ സി.എഫ്.എൽ ഒന്നിന് 320/- രൂപ, 11 ഡബിൾ സി.എഫ്.എൽ ഒന്നിന് 400/- രൂപ എന്നിങ്ങനെയുള്ള നിരക്കിലാണ് ആകെ റിപ്പയർ തുക നൽകിയിട്ടുള്ളത്. എല്ലായിനങ്ങളിലും ഉപകരണങ്ങളുടെ വിലയും നിരക്കിലുൾപ്പെട്ടിട്ടുണ്ട്. വിവിധ വാർഡുകളിലെ റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ എണ്ണം വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകി വരുന്നത്. എന്നാൽ ചെലവ് രേഖകൾ പ്രകാരം പഞ്ചായത്ത് 1, 2 വാർഡുകളിലെ 22 തെരുവുവിളക്കുകളുടെ റിപ്പയർ വിവരങ്ങൾ മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിരുന്നില്ല. ഇവ ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് പിന്നീട് രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. എല്ലാ റിപ്പയർ ബില്ലുകൾ പ്രകാരവും ഉപകരണങ്ങളുടെ വില ഉൾപ്പെട്ട നിരക്കാണ് അനുവദിച്ചിട്ടുള്ളത്. തെരുവുവിളക്കുകളുടെ എല്ലാ റിപ്പയറുകളിലും ബൾബുകളും ഉപകരണങ്ങളും മാറ്റി സ്ഥാപിക്കേണ്ട ആവശ്യമില്ലാത്തതാണ്. നിലവിലുണ്ടായിരുന്ന തെരുവുവിളക്ക് ഉപകരണങ്ങളുടെ വാറന്റി കാലയളവിൽ ഇവ മാറ്റി വാങ്ങാനും സാധിക്കുന്നതാണ്. കരാറുകാരന് ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചതിന്റെ നിരക്കുകൂടി അനുവദിക്കുന്നതിനാൽ മാറ്റിയ തെരുവുവിളക്ക് ഉപകരണങ്ങൾക്ക് പകരം സ്ഥാപിച്ച ഉപകരണങ്ങൾ വാങ്ങിയ ബിൽ കൂടി റിപ്പയർ വൗച്ചറുകൾക്കൊപ്പം ഹാജരാക്കേണ്ടതാണ്. നിലവിലുണ്ടായിരുന്ന തെരുവുവിളക്കുകളും ഉപകരണങ്ങളും പഞ്ചായത്ത് നേരിട്ട് വാങ്ങിയതായതിനാൽ മാറ്റി സ്ഥാപിച്ച ഉപകരണങ്ങൾ കരാറുകാരൻ പഞ്ചായത്തിന് കൈമാറേണ്ടതാണ്. ഈ കാലയളവിൽ കരാറുകാരൻ ഇവ കൈമാറിയതിന്റെ രേഖകളോ സ്റ്റോക്ക് എൻട്രി വിവരങ്ങളോ ഹാജരാക്കിയിട്ടില്ല. ഇവയില്ലാതെ എല്ലാ റിപ്പയർ പ്രവൃത്തികളിലും പുതിയ ഉപകരണങ്ങളുടെ വില കൂടി ഉൾപ്പെട്ട നിരക്ക് നൽകുന്നത് ക്രമപ്രകാരമല്ല. മേൽ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - തുക വിനിയോഗിക്കപ്പെട്ടിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം വിവിധ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾക്കായി 1746331/- രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | നിക്ഷേപിച്ച തുക | ബിൽനം./ തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| S0077/19 സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 1621570 വികസന ഫണ്ട് (SCP) | 15/22.01.2019 | അസിസ്റ്റന്റ് സെക്രട്ടറി |
| S0169/19 മുണ്ടുതറ കോളനി റോഡിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 124761 വികസന ഫണ്ട് (SCP) | 16/28.09.2018 | അസിസ്റ്റന്റ് സെക്രട്ടറി |

പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശവും തുകയുടെ വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.13/09.12.2019) നൽകിയതിന് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുക യാണെന്നാണ് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം 3947931/- രൂപ ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തതിൽ വിനിയോഗിക്കപ്പെട്ടിട്ടില്ല എന്നു കാണുന്നു. ഇതിൽ 1746331/- രൂപ 2018-19 വർഷം പ്രസ്തുത പ്രോജക്ടുകൾ പ്രകാരം നൽകിയതാണ്. ശേഷിക്കുന്ന തുകയുടെ വിശദവിവരങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുകകളെ സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല. ഇതുവരെ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിവരവും പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങളും ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ മേൽ ബില്ലുകൾ മുഖേന നൽകിയ 1746331/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 ദുരിതാശ്വാസനിധിയിലേക്ക് സംഭാവന

25.09.2018-ലെ 88/18/Fin സർക്കുലർ പ്രകാരം ജീവനക്കാരിൽനിന്നും ഒരു മാസത്തെ ശമ്പളം, (10/18) തുല്യ 10 തവണകളായോ, ആർജ്ജിതാവധി സറണ്ടർ ചെയ്തോ, പ്രൊവിഡന്റ് ഫണ്ടിൽ നിന്നും അഡ്വാൻസെടുത്തോ, 4-ാം ഗഡു ശമ്പളകുടിശ്ശികയുടെ തുക നൽകിയോ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യാൻ നിർദ്ദേശമുണ്ട്. ആയതനുസരിച്ച് ജീവനക്കാരിൽ നിന്നും ലഭിച്ച സമ്മതപത്രവും സാലറി ചലഞ്ച് ഏതു വിധത്തിലാവണം എന്നുമുള്ള വിവരങ്ങളും മറ്റു വിധത്തിൽ ലഭിച്ച സംഭാവനയുടെ വിവരങ്ങളും ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ല.

10/18 ലെ ശമ്പളബിൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 1/10 തുക വസൂലാക്കിയിട്ടുണ്ട്.

| ജീവനക്കാരന്റെ പേര് | 9/18 – ലെ ആകെ ശമ്പളം | ബില്ലിൽ നിന്നും കുറവു ചെയ്ത തുക |
|---|---|---|
| ശ്രീ.വിൻസ്റ്റൺ ഡിസൂസ, അസിസ്റ്റന്റ് സെക്രട്ടറി | 45525 | 4552 |
| ശ്രീ.മനോജ്,എച്ച്.സി. | 47825 | 4782 |
| ശ്രീമതി അനിലകുമാരി,അക്കൗണ്ടന്റ്. | 41270 | 4127 |
| ശ്രീമതി സിന്ധു.കെ.ആർ, സീനിയർ ക്ലർക്ക് | 35635 | 3563 |
| ശ്രീ.കെ.ഉദയകുമാർ,സീനിയർ ക്ലർക്ക് | 42305 | 4230 |
| ശ്രീ.ജിമേഷ്.എ.എം, സീനിയർ ക്ലർക്ക് | 32473 | 3247 |
| ശ്രീ.സി.പി.ധനേഷ്, ക്ലർക്ക് | 33360 | 3336 |
| ശ്രീമതി സജ്ന, ക്ലർക്ക് | 26670 | 2667 |
| ശ്രീമതി ശ്രീനിത്യ.ആർ, ക്ലർക്ക് | 24773 | 2477 |
| ശ്രീമതി ഷമ്ല.പി.എ, ഓഫീസ് അറ്റന്റന്റ് | 27320 | 2732 |
| ശ്രീമതി സന്ധ്യ.പി.എസ്, ഓഫീസ് അറ്റന്റന്റ് | 12305 | 1230 |
| ശ്രീ.സി.എം.വിശ്വംഭരൻ | 17020 | 1702 |
| | | |

| | | |
|---|---|---|
| ശ്രീമതി എ.സുധാമണി, പി.റ്റി.എസ്. | 15341 | 1444 |
| ശ്രീ.കെ.സി.ശിവദാസൻ, സെക്രട്ടറി | 5710 | 5833 |

ബിൽ രജിസ്റ്റർ പ്രകാരം വൗച്ചർ നം.21800504/9.10.18, 21800685/16.11.18 എന്നിവ പ്രകാരം യഥാക്രമം 40375/-രൂപ, 42150/-രൂപ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാനായി പിൻവലിച്ചിട്ടുണ്ട്. ഈ വസൂലാക്കിയ തുക ദുരിതാശ്വാസനിധിയിലേക്ക് അടച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

രസീതുബുക്ക് 53 പ്രകാരം CMDRF ലേക്ക് വിവിധ സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്നും പണമായും ചെക്കായും തുക സമാഹരിച്ചിട്ടുണ്ട്. ഈ തുക ടി ഫണ്ടിൽ അടവാക്കിയതിന്റെയും ഈ രസീത് സ്റ്റോക്കിലെടുത്തതിന്റെയും വിവരവും രജിസ്റ്റർ പ്രകാരം പിരിച്ചെടുത്ത തുകയുടെ രസീതുബുക്കും ഹാജരാക്കേണ്ടതാണ്.

## 1-30 ISO സർട്ടിഫിക്കേഷൻ (പ്രോജക്ട് നം- 170/2019) – സർക്കാർ ഉത്തരവ് പ്രകാരമല്ലാത്ത നിരക്കിൽ തുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ ISO സർട്ടിഫിക്കേഷൻ പ്രവൃത്തികൾക്കായി പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 2,37,791/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിൽ റെക്കോർഡ് റൂം അറേഞ്ച്മെന്റിനായി ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ജൂൺ 2018- 34 ദിവസം (7 nos)@ 710/day – Rs.24,140/-

ജൂലൈ 2018- 45 ദിവസം (6 nos)@ 710/day – Rs.31,950/-

ഓഗസ്റ്റ് 2018-47 ദിവസം(5 nos)@ 725/day – Rs.34,075/-

സെപ്തംബർ 2018-29 ദിവസം(6nos)@ 725/day – Rs.21025/-

ഒക്ടോബർ 2018-27 ദിവസം (7 nos)@725/day – Rs.19,575/-

ഇവരുടെ മസ്റ്റർ റോളിലും അപേക്ഷയിലും റെക്കോർഡ് റൂം അറേഞ്ച്മെന്റ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ മുൻ റെക്കോർഡുകൾ ഇനം തിരിച്ച്, വർഷാടിസ്ഥാനത്തിൽ ബോക്സുകളിലായി ക്രമീകരിക്കുകയും അതിന്റെ ഇൻഡക്സ് തയ്യാറാക്കുകയുമാണ് ഇവിടെ ചെയ്തിരിക്കുന്നത്. ദിവസവേതന – കരാർ ജീവനക്കാരുടെ വേതനം നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് (G.O (P) No.56/2017/fin dtd 28/04/2017 & G.O (P) No.112/2018/fin dtd 21/07/2018) എന്നിവ പ്രകാരമുള്ള അനുബന്ധത്തിലെ കാറ്റഗറി-1 വിഭാഗത്തിലാണ് രേഖകളുടെ തരം തിരിവ്, ക്രമീകരിക്കൽ എന്നീ റെക്കോർഡ് കീപ്പിംഗ് വിഭാഗം ജോലികൾ ഉൾപ്പെട്ടിരിക്കുന്നത്. ഇവയ്ക്ക് യഥാക്രമം 630/- രൂപയും (01/04/2017 മുതൽ 30/06/2018 വരെ), 645/-രൂപയുമാണ് (01/07/2018 മുതൽ) സർക്കാർ വേതനം നിശ്ചയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഈ മാസങ്ങളിൽ വേതനം നൽകിയ എല്ലാവർക്കും സർക്കാർ ഉത്തരവിന് വിരുദ്ധമായി ഉയർന്ന നിരക്കിൽ വേതനം നൽകിയത് വിശദീകരിക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഇതിന് ലഭ്യമാക്കിയ മറുപടിയിൽ നിയമിച്ച എല്ലാവരും ക്ലറിക്കൽ ജോലിയാണ് ചെയ്തത് എന്ന മറുപടിയാണ് ഹാജരാക്കിയത്. പഞ്ചായത്തിലെ പഴയ രേഖകളുടെ തരംതിരിക്കലും വാർഷികാടിസ്ഥാനത്തിലുള്ള ക്രമീകരണവും മാത്രമുള്ള ജോലിക്ക് വിവിധ സെക്ഷൻ ചുമതലകളും ജോലി വിഭജന പ്രകാരം നിശ്ചിത ഉത്തരവാദിത്വങ്ങളും കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ക്ലറിക്കൽ വിഭാഗത്തിന്റെ വേതനം നൽകിയത് ക്രമപകാരമുള്ള നടപടിയല്ല. I.S.O സർട്ടിഫിക്കേഷൻ സംബന്ധമായ ജോലികൾ എല്ലാ ഗ്രാമപഞ്ചായത്തിലും ഒന്നുതന്നെയാണ്. മിക്കവാറും ഗ്രാമപഞ്ചായത്തുകളിലെല്ലാം റെക്കോർഡ് കീപ്പിംഗ് സംബന്ധമായ ജോലിക്ക് ബാധകമായ വേതനമാണ് ഇവർക്ക് നൽകിയിട്ടുള്ളത്. ദിവസവേതന/കരാർ വിഭാഗത്തിലെ ജോലികളും വേതനവും സർക്കാർ നിർണ്ണയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇവക്കനുസൃതമായി മാത്രം ചെലവു നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 തദ്ദേശസ്ഥാപനങ്ങളുടെ വാങ്ങൽ മാർഗ്ഗരേഖ പാലിച്ചില്ല

2018-19 ൽ സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ തദ്ദേശസ്ഥാപനങ്ങളുടെ വാങ്ങൽ മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

| പ്രോജക്ട് നം. | ഇനം | തുക | സ്ഥാപനം | അപാകം |
|---|---|---|---|---|
| 191/19 | ഡിജിറ്റൽ പോഡിയം | 38,900/- | ഹിന്ദ് ഡിജിറ്റൽ സൊല്യൂഷൻസ് | സിംഗിൾ ക്വട്ടേഷൻ |
| 193/19 | UPS ബാറ്ററി | 94,500/- | AEM ടെക്നോളജീസ് | സിംഗിൾ ടെണ്ടർ |
| 194/19 | വികസന സ്മരണിക | 1,00,000/- | Attoos Graphics | സിംഗിൾ ടെണ്ടർ |

തദ്ദേശസ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂയർമെന്റ് മാന്വൽ ജി.ഒ (പി) 259/2010/ത.സ്വ.ഭ.വ തീയതി 08/11/2010 പ്രകാരം പാലിക്കേണ്ട ക്വട്ടേഷൻ, ടെണ്ടർ നിബന്ധനകൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. വാങ്ങൽ സംബന്ധിച്ച ടെണ്ടർ/ക്വട്ടേഷൻ രേഖകൾ, പ്രൊക്യൂയർമെന്റ് കമ്മിറ്റി മിനിട്സ് എന്നിവ ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിലെ നിലവിലുള്ള UPS ബാറ്ററി 14000/- രൂപക്ക് തിരികെ വാങ്ങിയാണ് സ്ഥാപനം പുതിയ ബാറ്ററി നൽകിയിട്ടുള്ളത്. എന്നാൽ ബില്ലിൽ പഴയ ബാറ്ററികൾക്ക് ജി.എസ്.ടി HSN code 8548 പ്രകാരം ബാധകമായ 18% ജി.എസ്.ടി നൽകിയിട്ടില്ല. വികസന സ്മരണികയുടെ പ്രിന്റിംഗ് ചാർജ്ജിനത്തിൽ നൽകിയ 1,00,000/- രൂപയുടെ ബില്ലിൽ ആകെ തുക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 5,000 കോപ്പി സ്മരണിക പ്രിന്റ് ചെയ്തതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. സ്മരണികയുടെ സ്റ്റോക്ക്, വിതരണ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-32 കാർഷിക പദ്ധതികൾ- വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ 2018 -19 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ കാർഷിക പദ്ധതികളുടെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

**1) <u>നാളികേരകൃഷി വികസനം</u> (<u>പ്രോജക്ട് നം-04/19</u>)**

(ബിൽ നം-02/18-19 Rs.250263/- C/o 29/12/18

08/18-19 Rs.62811/- C/o 04/02/19

10/18-19 Rs.23475/- C/o 04/02/19

15/18-19 Rs.1500/- C/o 27/03/19)

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 3500 തെങ്ങുകൾക്ക് മരതകം കർഷക ഗ്രൂപ്പിൽ നിന്നും ജൈവവളം, വി.എഫ്.പി.സി.കെയിൽ നിന്നും 333 എണ്ണം പുതിയ ഹൈബ്രിഡ് തെങ്ങിൻ തൈകൾ എന്നിവയാണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്. കിലോഗ്രാമിന് 10/- രൂപ നിരക്കിൽ 3500 കി.ഗ്രാം ഡോളോമൈറ്റ്, 30/- രൂപ വീതം നിരക്കിൽ 7,000 കി.ഗ്രാം എല്ലുപൊടി, 17,500 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് എന്നിവയാണ് മരതകം കർഷക ഗ്രൂപ്പിൽ നിന്നും വാങ്ങിയത്.

**2) <u>പച്ചക്കറി വികസനം</u> (<u>പ്രോജക്ട് നം.06/19</u>)**

(ബിൽ നം-03/18-19 Rs.59,850/- C/o 29.12.2018

ബിൽ നം-13/18-19 Rs.47,888/- C/o 04.02.2019)

ഈ പദ്ധതി പ്രകാരം മരതകം കർഷക ഗ്രൂപ്പിൽ നിന്നും 3 രൂപ നിരക്കിൽ 7650 പച്ചക്കറി വിത്തുകളും കിലോഗ്രാമിന് 20/- രൂപ നിരക്കിൽ 4500 കി.ഗ്രാം സമ്പുഷ്ടീകരിച്ച ചാണകം എന്നിവയും കേരള അഗ്രി.യൂണിവേഴ്സിറ്റിയിൽ നിന്നും 255 കി.ഗ്രാം വീതം സ്യൂഡോമോണസ്, ബിവേറിയ എന്നിവയുമാണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്. കൂലിച്ചെലവ് സബ്സിഡിയായി 1,27,500/-രൂപ ബ്ലോക്ക് വിഹിതത്തിൽ നിന്നും നൽകിയിട്ടുണ്ട്.

**3) <u>കിഴങ്ങ് കൃഷി വ്യാപനം (പ്രോജക്ട് നം-07/19</u>)**

ബിൽ നം -04/18-19 Rs.251000/- c/o 29.12.18

ബിൽ നം -11/18-19 Rs.49,000/- c/o 04.02.19

ബിൽ നം -14/18-19 Rs.67500/- c/o 04.02.19

ഈ പദ്ധതി പ്രകാരം ചേന, ചേമ്പ്, കപ്പക്കമ്പ് എന്നിവയുടെ ഓരോ യൂണിറ്റും സമ്പുഷ്ടീകരിച്ച ചാണകം എന്നിവ ഗുണഭോക്താക്കൾക്ക് നൽകി കിഴങ്ങ് വർഗ്ഗങ്ങൾ കെയ്ക്കോയിൽ നിന്നും കിലോഗ്രാമിന് 20/- രൂപ നിരക്കിൽ 4500 കി.ഗ്രാം സമ്പുഷ്ടീകരിച്ച ചാണകം മരതകം കർഷക ഗ്രൂപ്പിൽ നിന്നുമാണ് വാങ്ങിയത്.

**4) <u>വാഴ കൃഷി വികസനം (പ്രോജക്ട് നം-08/19</u>)**

ബിൽ നം -05/18-19 Rs.1,01,250/- c/o 29.12.18

ബിൽ നം -6/18-19 Rs.29,700/- c/o 29.12.18

ബിൽ നം -9/18-19 Rs.30475/- c/o 04.02.19

ഈ പദ്ധതി പ്രകാരം 6750 ഞാലിപ്പൂവൻ വാഴവിത്ത് ഒന്നിന് 15/- രൂപ നിരക്കിൽ കെയ്ക്കോയിൽ നിന്നും കിലോഗ്രാമിന് 10/- രൂപ നിരക്കിൽ 1750 കി.ഗ്രാം ഡോളോമൈറ്റ്, 30/- രൂപ നിരക്കിൽ 1750 കി.ഗ്രാം എല്ലുപൊടി, 1750 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് എന്നിവയാണ് മരതകം കർഷക ഗ്രൂപ്പിൽ നിന്നും വാങ്ങിയത്.

**4) <u>നെൽകൃഷി വികസനം (പ്രോജക്ട് നം-08/19</u>)**

ബിൽ നം -01/18-19 Rs.1,06,800/- c/o 21.12.18

ബിൽ നം -7/18-19 Rs.255,000/- c/o 11.03.19

ബിൽ നം -12/18-19 Rs.1000/- c/o 04.02.19

കെ.എസ്.എസ്.ഡി.എ യിൽ നിന്നും 2670 കി.ഗ്രാം ഉമ നെൽവിത്ത് കി.ഗ്രാം - ന് 40/- രൂപ നിരക്കിലും ഹെക്ടറിന് 17000/- രൂപ നിരക്കിൽ കൂലിചെലവുമാണ് പദ്ധതി പ്രകാരം നൽകിയത്.

*ഈ പദ്ധതികളുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.*

*1) ഓരോ പദ്ധതിയിലും വാങ്ങിയ ആകെ ഗുണഭോക്തൃവിഹിതം, ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഈ വാങ്ങലുകൾ പഞ്ചായത്തിലെ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചതായോ കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടേയും അനുമതി ലഭ്യമാക്കിയതായോ വിവരങ്ങളൊന്നും ഹാജരാക്കിയിട്ടില്ല.*

*2) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോക്യൂർമെന്റ് മാന്വൽ പ്രകാരം 50,000/- രൂപക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ് നടത്തേണ്ടത്. കൃഷി ഓഫീസർ തൻ വർഷം നടപ്പിലാക്കിയ പദ്ധതികളിൽ തദ്ദേശസ്ഥാപനങ്ങൾക്ക് ബാധകമായ പ്രോക്യൂർമെന്റ് മാന്വൽ ജി.ഒ (പി) 259/2010/ ത.സ്വ.ഭ.വ തീയതി 08/11/2010 പ്രകാരം പാലിക്കേണ്ട ക്വട്ടേഷൻ, ടെണ്ടർ നിബന്ധനകൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ടെണ്ടറില്ലാതെ 10,95,450/- രൂപ ചെലവഴിച്ച് മരതകം കർഷക ഗ്രൂപ്പിൽ നിന്നും വളം, പച്ചക്കറിവൃക്ഷത്തൈകൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നടത്തുന്ന ടെണ്ടറിൽ മറ്റ് സ്ഥാപനങ്ങൾക്കൊപ്പം പങ്കെടുത്ത് കുറഞ്ഞ നിരക്ക് നൽകിയാൽ ഈ സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്താമെന്നല്ലാതെ, സ്ഥാപനം നേരിട്ട് ഉത്പാദനം നടത്താത്ത എല്ലുപൊടി, വേപ്പിൻപിണ്ണാക്ക്, ഡോളോമൈറ്റ് എന്നിവ യാതൊരു വാങ്ങൽ നടപടിക്രമങ്ങളും പാലിക്കാതെ നേരിട്ട് വാങ്ങിയത് ക്രമപ്രകാരമല്ല. ടെണ്ടർ വിളിക്കാത്തതിനാൽ മറ്റ് സ്ഥാപനങ്ങൾക്ക് ഇവയുടെ നിരക്ക് ക്വാട്ട് ചെയ്യാനും അതുവഴി കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള സാധനങ്ങളുടെ വാങ്ങലിനുള്ള സാധ്യത പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല.*

*3) മരതകം കർഷക ഗ്രൂപ്പ് ടെണ്ടർ വഴി കുറഞ്ഞ നിരക്കിൽ വാങ്ങിയ വളങ്ങൾ അധിക നിരക്കിൽ ഗ്രാമപഞ്ചായത്തിന് നൽകുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്ത് നേരിട്ട് ടെണ്ടർ നൽകിയാൽ മരതകം വാങ്ങിയതിലും കുറഞ്ഞ നിരക്കിൽ ഇവ ലഭ്യമാകുന്ന സാഹചര്യവുമുണ്ടായിരുന്നു. ടെണ്ടറില്ലാതെ നേരിട്ട് വാങ്ങാൻ സർക്കാർ അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ഇവ നേരിട്ട് വാങ്ങാമായിരുന്നു. ഈ സാധ്യതകൾ പ്രയോജനപ്പെടുത്താത്തത് പഞ്ചായത്തിന്റെ പദ്ധതി വിഹിതം, തനത് ഫണ്ട് എന്നിവയിൽ അധിക ചെലവിന് കാരണമായി.*

*4) മരതകം കർഷകഗ്രൂപ്പിന്റെ ജി.എസ്.ടി നമ്പർ ബില്ലുകളിൽ ഇല്ല. സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ വിവരങ്ങളും ലഭ്യമല്ല. ഗ്രാമപഞ്ചായത്തിൽ വാങ്ങിയ ഡോളമൈറ്റ് 5% നിരക്കിൽ ജി.എസ്.ടി ബാധകമായ ഉത്പന്നമാണ്. ആയതിനാൽ ജി.എസ്.ടി ഇനത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് വരുമാനം ലഭിക്കാത്ത സ്ഥിതിയുണ്ട്.*
*മരതകം കർഷകഗ്രൂപ്പിൽ നിന്നും ആകെ 5250 കി.ഗ്രാം ഡോളമൈറ്റ് വാങ്ങിയിട്ടുണ്ട് (നാളികേരവികസനം എന്ന പ്രോജക്ടിന് കീഴിൽ 3500 കി.ഗ്രാം വാഴകൃഷി വികസനം എന്ന പ്രോജക്ടിൽ 1750 കി.ഗ്രാം). ഇതിന് കിലോ ഗ്രാമിന് 10/- രൂപ പ്രകാരം 52500/- രൂപ നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് 8/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. കിലോ ഗ്രാമിന് 2/- രൂപ അധികം നൽകിയാണ് ഡോളമൈറ്റ് മരതകം കർഷകഗ്രൂപ്പിൽ നിന്നും വാങ്ങിയിട്ടുള്ളത്. ഈയിനത്തിൽ 10500/- രൂപ (525012) അധികം ചെലവഴിക്കേണ്ടിവന്നിട്ടുണ്ട്.*
*ക്വട്ടേഷൻ/'ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിയതിനാൽ ഇവ കുറഞ്ഞ നിരക്കിൽ ലഭ്യമാകുമോ എന്നത് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.*

*07) 02/12/2016 ലെ ജി.ഒ (സാധാ നം.3299 /2016 /തസ്വഭവ) പ്രകാരം തദ്ദേശസ്ഥാപനങ്ങളിലെ വാങ്ങലുകളിൽ സർക്കാർ/അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ സ്വയം ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് മാത്രമാണ് ടെണ്ടർ നിബന്ധനകളിൽ ഇളവു നൽകി നേരിട്ട് വാങ്ങാൻ അനുവദിച്ചിട്ടുള്ളത്. എന്നാൽ പാണാവള്ളി കൃഷി ഭവൻ വഴി നടപ്പിലാക്കിയ കിഴങ്ങ് കൃഷി പദ്ധതിയിൽ 3,00,000/- രൂപയുടെ ചേമ്പ്,ചേന വിത്ത് കപ്പത്തണ്ട് എന്നിവയും വാഴകൃഷി പദ്ധതിയിൽ 2,62,500/- രൂപയുടെ വാഴവിത്തും ടെണ്ടറില്ലാതെ കാർഷിക ഉപകരണങ്ങളുടേയും, യന്ത്രങ്ങളുടേയും നിർമ്മാതാക്കളായ കെയ്ക്കോയിൽ നിന്ന് വാങ്ങിയിട്ടുള്ളത്.*

*തദ്ദേശസ്ഥാപനങ്ങളുടെ വാങ്ങൽ മാർഗ്ഗരേഖ പ്രകാരം മാത്രം വാങ്ങൽ നടത്തുന്നതിനും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ട് എന്നുറപ്പ് വരുത്തുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.*

## 1-33 ലാപ് ടോപ്പ് വാങ്ങൽ -പ്രൊക്യുർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായി മൂന്ന് പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം. പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ലാപ്ടോപ്പ് സപ്ലൈ ചെയ്ത സ്ഥാപനം | എണ്ണം/ നിരക്ക് | ആകെ തുക | ബിൽ നം./ തീയതി |
|---|---|---|---|---|---|
| 15/19 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | അസിസ്റ്റന്റ് സെക്രട്ടറി | Avalon Systems & Services | 8 @ 29840 | 238720 | 19/11.03.2019<br>23/26.03.2019 |
| 16/19 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | അസിസ്റ്റന്റ് സെക്രട്ടറി | ആൽഫാനെറ്റ് സിസ്റ്റംസ്, ചേർത്തല | 1എണ്ണം @ 29750 | 29750 | 12/28.12.2018 |
| 91/19 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | Avalon Systems & Services | 8 എണ്ണം @ 29840 | 238720 | 1/13.12.2018 |

പ്രസ്തുത മൂന്ന് പ്രോജക്ടുകളും 2018-19 വർഷത്തെ പുതിയ പ്രോജക്ടുകൾ ആണ്. ആൽഫാനെറ്റ് സിസ്റ്റംസിന്റെ നിരക്ക് Avalon Systems & Services എന്ന സ്ഥാപനത്തിന്റെ നിരക്കിനേക്കാൾ കുറവാണ്. 22.09.2018 -ലെ തീരുമാനപ്രകാരമാണ് 3 പ്രോജക്ടുകളുടെയും ടെൻഡർ അംഗീകരിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ടിനായി ക്വട്ടേഷനാണ് ക്ഷണിച്ചിട്ടുള്ളത്. മറ്റ് രണ്ട് പ്രോജക്ടുകൾക്ക് പ്രത്യേകം ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. ടെൻഡർ നോട്ടീസ് അടങ്ങിയ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ടിന്റെ ഫയലിൽ Avalon Systems & Services ന്റെ ഒരു ടെൻഡർ (റീ ടെൻഡർ) സൂക്ഷിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 08.11.2010-ലെ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് നടത്തി വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ബാധകമായ നടപടിക്രമം അനുസരിച്ച് ഒന്നിച്ച് വാങ്ങേണ്ടതായിരുന്നു. ഇത് പ്രകാരം വ്യത്യസ്ത വാങ്ങൽ നടപടികൾ സ്വീകരിക്കാതെ മൂന്ന് പ്രോജക്ടുകൾക്കുമായി ഒറ്റ ടെൻഡർ ക്ഷണിക്കേണ്ടതായിരുന്നു. ആൽഫാനെറ്റ് സിസ്റ്റംസ്, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും 29750/- രൂപ നിരക്കിൽ ലാപ്ടോപ്പുകൾ വാങ്ങിയിരുന്നെങ്കിൽ ഗ്രാമപഞ്ചായത്തിന് 1440/- രൂപയുടെ ലാഭമുണ്ടാകുമായിരുന്നു. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൾ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/10.12.2019) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ തുക വാങ്ങൽ നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-34 ഖരമാലിന്യസംസ്കരണം - ഹരിതകർമ്മസേന പ്രവർത്തിക്കുന്നില്ല – പ്രോജക്ടിൽപ്പെടുത്തി തുക ചെലവഴിക്കുന്നു

വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന പദ്ധതി (കുടുംബശ്രീ വഴി) എന്ന പ്രോജക്ടിനായി (പ്രോജക്ട് നം. 112/19) വികസനഫണ്ടിൽനിന്നും 4,10,000/- രൂപ വകയിരുത്തിയിരുന്നു. ഇതിൽനിന്നും 17,100/- രൂപ (ബിൽ നം.1/21.5.18) ഹരിതകർമ്മസേനയ്ക്ക് യൂണിഫോം വാങ്ങുന്നതിനും 67,500/- രൂപ (ബിൽ നം.7/23.8.18) ഹരിതകർമ്മസേനാംഗങ്ങൾക്ക് വേതനം നൽകുന്നതിനുമായി ചെലവഴിച്ചിട്ടുണ്ട്. ക്രൗൺ ഫേബ്രിക് ആർട്സ് എന്ന സ്ഥാപനത്തിൽനിന്നും വാങ്ങിയ യൂണിഫോം എത്രപേർക്കെന്നോ ഒരെണ്ണത്തിന്റെ വില എത്രയെന്നോ ഉള്ള വിവരങ്ങൾ ക്വട്ടേഷനിൽ ഇല്ല. വാങ്ങലിന് കൃത്യമായ ബിൽ നൽകിയിട്ടുള്ളതായും കാണുന്നില്ല (ക്യാഷ് രസീറ്റ് ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്). കൃത്യമായ ബിൽ ഇല്ലാതെ തുക ചെലവഴിച്ചത് ക്രമ പ്രകാരമല്ല. 27 ഹരിതകർമ്മസേനാംഗങ്ങൾ പ്ലാസ്റ്റിക് ശേഖരിക്കുകയും

പഞ്ചായത്ത് തലത്തിൽ സംഭരണകേന്ദ്രം ഇല്ലാത്തതിനാൽ അംഗങ്ങൾ അവരുടെ ഉത്തരവാദിത്വത്തിൽ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിച്ചുവയ്ക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഓണറേറിയം ആയി 67,500/- രൂപ നൽകിയത്. ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/07.12.2019) ഹരിതകർമ്മസേന നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും പഞ്ചായത്തിൽ രണ്ട് മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ ഉള്ളതിൽ ആദ്യം പണി പൂർത്തിയാക്കിയ സെന്ററിൽ ഒരു വാർഡിൽ നിന്നുള്ള പ്ലാസ്റ്റിക് മാത്രമേ ശേഖരിക്കാൻ സാധിക്കുകയുള്ളൂ എന്നും പുതുതായി പണിത കെട്ടിടത്തിന്റെ ഉദ്ഘാടനം നടന്നിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. 2019-20 വർഷം 8843/- രൂപ വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യം വാർഡ് കേന്ദ്രങ്ങളിൽ സൂക്ഷിച്ചിരിക്കുന്നതായാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. 11.01.2018-ലെ പഞ്ചായത്ത് കമ്മറ്റി യോഗത്തിൽ വീടുകളിൽനിന്ന് ഖരമാലിന്യം ശേഖരിക്കുന്നതിനായി 30/- രൂപ പ്രകാരവും വാണിജ്യസ്ഥാപനങ്ങൾക്ക് 90/- രൂപ പ്രകാരവും നിശ്ചയിച്ചിട്ടുണ്ട്. ഇത് പ്രകാരം തുക ഈടാക്കിയിട്ടില്ല. ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. രസീത് പ്രിന്റ് ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

ഹരിതകർമ്മസേന കൃത്യമായി പ്രവർത്തനം ആരംഭിക്കാതെ മാലിന്യസംസ്കരണത്തിനായി ധാരാളം തുക ചെലവഴിക്കുന്നുണ്ട്. മെറ്റീരിയൽ കളക്ഷൻ സെന്റർ എത്രയും വേഗം പ്രവർത്തനസജ്ജമാക്കേണ്ടതും ഹരികകർമ്മസേന വഴി മാലിന്യസംസ്കരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-35 അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിൽ ആകെ 32 അങ്കണവാടികളുള്ളതിൽ 20 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. 12 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടമുള്ള 20 അങ്കണവാടികളിൽ 2 എണ്ണം (57, 101 നമ്പർ അങ്കണവാടികൾ) കെട്ടിടം സുരക്ഷിതമല്ലാത്തതിനാൽ നിലവിൽ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 50, 55, 57, 96, 101, 51, 56 എന്നീ നമ്പർ അങ്കണവാടികളുടെ കെട്ടിടങ്ങളിൽ വൈദ്യുതി കണക്ഷൻ ഇല്ല (57, 101 നമ്പർ അങ്കണവാടികൾ നിലവിൽ പ്രവർത്തിക്കുന്ന വാടകകെട്ടിടങ്ങളിൽ വൈദ്യുതി ഉണ്ട്). അങ്കണവാടി നമ്പർ 50, 51, 52, 55, 62, 99 എന്നിവയിൽ കുടിവെള്ളസൗകര്യം ഇല്ല. ഇതിനായി 2019-20 വർഷം പ്രോജക്ട് നടപ്പാക്കിവരുന്നതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചു. 3 അങ്കണവാടികൾക്ക് (നം. 57, 62, 96) ടോയ്‌ലെറ്റ് സൗകര്യമില്ല. 46, 59, 96, 68 നമ്പർ അങ്കണവാടികൾക്ക് മാത്രമാണ് ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകൾ ഉള്ളത്. എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം ലഭ്യമാണ്.

അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യം ഒരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ഇനിയും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു എന്നതാണ് മേൽ അപര്യാപ്തതകളിൽ നിന്നും വ്യക്തമാകുന്നത്. ശിശുക്ഷേമ പദ്ധതികൾക്ക് പ്രാധാന്യം നൽകി, എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകുവാനും ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.31055/ഡി.സി.2/2011/ ത.സ്വ.ഭ.വ/ 22.03.2011-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

22.03.2011-ലെ സർക്കുലർ നമ്പർ.31055/ഡി.സി.2/2011/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം എല്ലാ വർഷവും മെയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2018-19 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അങ്കണവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുള്ളത്. യാതൊരു

കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ല. അതിനാൽ അങ്കണവാടികളുടെ വാർഷികപരിശോധന നടത്തി ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതും മതിയായ സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങൾക്ക് സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതുമാണ്.

## 1-36 പി.വി.സി. വാട്ടർ ടാങ്ക് (പട്ടികജാതി വിഭാഗം) - ഒരു ടാങ്ക് വിതരണം ചെയ്തിട്ടില്ല

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ച ഈ പ്രോജക്ടിനായി (പ്രോജക്ട് നം. 109/19) എസ്.സി.പി ഫണ്ടിൽ നിന്നും 3,00,000/- രൂപയും ഗുണഭോക്തൃവിഹിതം 1,00,000/- രൂപയും ഉൾപ്പെടെ 4,00,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. Zelzer Polymers, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും 101 വാട്ടർ ടാങ്ക് വാങ്ങിയതിന് 308050/- രൂപയാണ് ആകെ ചെലവ്. തുകയുടെ 75% അതായത് 2,31,037/- രൂപ വികസനഫണ്ടിൽ നിന്നും (എസ്.സിപി.) 77,013/- രൂപ (25%) ഗുണഭോക്തൃവിഹിതവും ചെലവഴിച്ചു. ഗുണഭോക്തൃവിഹിതമിനത്തിൽ 101 പേരിൽനിന്നും 763/- രൂപ പ്രകാരം 77,063/- രൂപ ഈടാക്കിയെങ്കിലും ശ്രീ.ശിവദാസൻ എന്നയാളിൽനിന്നും വാങ്ങിയ ഗുണഭോക്തൃവിഹിതം 763/- രൂപ തിരികെ നൽകുകയുണ്ടായി. തനതുഫണ്ടിൽ നിന്നും 763/- രൂപ ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/09.12.2019) 101 വാട്ടർ ടാങ്കുകൾ വാങ്ങിയതിൽ 100 ടാങ്കുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളതെന്നും ഒരു ടാങ്ക് ഗുണഭോക്തൃവിഹിതം അടക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഇതനുസരിച്ച് തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ഒരു ടാങ്കിന്റെ വിലയായ 3,050/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടാങ്കിന്റെ വിതരണ വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>ചെലവ്</u>

ബിൽ നം. 4/27.07.2018 തുക. 231037/-

ചെക്ക് നം. 6243338/01.10.2018 തുക. 77013/- (ഗുണഭോക്തൃവിഹിതം)

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

## 1-37 ലൈഫ് ഭവനപദ്ധതി - മുൻകൂർ കൈപ്പറ്റി - ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവനപദ്ധതിയുടെ താഴെ പറയുന്ന ഗുണഭോക്താക്കൾ 2018-19 വർഷം ഭവനനിർമ്മാണത്തിനായി മുൻകൂറായി 40,000/- രൂപ കൈപ്പറ്റിയെങ്കിലും ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം./പേര് | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം./ തീയതി | നിർവ്വഹണ ഉദ്യഗസ്ഥൻ |
|---|---|---|---|---|---|
| 1 | S0179/19 ലൈഫ് മിഷൻ- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം - ജനറൽ | ശ്രീമതി പാർവ്വതി കിഴക്കേകളത്തിൽ വാർഡ് 16 | 40000 | 3/26.07.2018 3040000/- | വി.ഇ.ഒ., തൃച്ചാറ്റുകുളം |
| 2 | S0116/19 ലൈഫ് മിഷൻ- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം (സ്പിൽ ഓവർ) | ശ്രീമതി വിജയമ്മ, മംഗലത്ത്, വാർഡ് 9 | 40000 | 5/31.07.2018 1190000/- | വി.ഇ.ഒ., ഓടമ്പള്ളി |

ഗുണഭോക്താക്കളും ഗ്രാമപഞ്ചായത്തും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥ പ്രകാരം 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ് (കരാർ പൂർണ്ണമല്ല). എന്നാൽ അഡ്വാൻസ് കൈപ്പറ്റി ഒരു വർഷം

കഴിഞ്ഞിട്ടും ഇതുവരെ പ്രവൃത്തി ആരംഭിക്കുകപോലും ചെയ്തിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം 12% പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്. 80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഭവനനിർമ്മാണത്തിന്റെ പുരോഗതി രേഖാപരമായി സ്ഥിരീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 പ്രീ-പ്രൈമറി ജീവനക്കാരുടെ വേതനം - രേഖകൾ ഹാജരാക്കിയില്ല

പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും വേതനം നൽകുന്നതിനായി തനതുഫണ്ടിൽ നിന്നും 3,40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗവ. യു.പി.എസ്., ഓടമ്പള്ളി, ഗവ.എൽ.പി.എസ്., തളിയാപറമ്പ്, ഗവ. എൽ.പി.എസ്., തൃച്ചാറ്റുകുളം എന്നീ മൂന്ന് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും വേതനം നൽകുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ജീവനക്കാരുടെ നിയമനം നടത്തിയതിന്റെ രേഖകൾ, നിയമനം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതിന്റെ രേഖ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/09.12.2019) പി.ടി.എയുടെ നേതൃത്വത്തിലാണ് പ്രീ-പ്രൈമറി വിഭാഗം ആരംഭിച്ചതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. പി.ടി.എ നിയമനം നടത്തുന്നവർക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകുന്നതെന്തിനെന്ന് വ്യക്തമല്ല. ജീവനക്കാരുടെ നിയമനം നടത്തിയതിന്റെ രേഖകൾ, നിയമനം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതിന്റെ രേഖ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാലും ഈ ഇനത്തിലുള്ള ചെലവ് തടസ്സപ്പെടുത്തുന്നു. ജീവനക്കാരുടെ നിയമനാംഗീകാരരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-39 സാക്ഷരതാമിഷൻ - തുല്യതാപഠനം - രേഖകൾ ഹാജരാക്കിയില്ല

എച്ച്.എം, ഗവ. എൽ.പി.എസ് നിർവ്വഹണം നടത്തിയ സാക്ഷരതാമിഷൻ - തുല്യതാപഠനം എന്ന പ്രോജക്ടിനായി (നം.S0036/19) തനതുഫണ്ടിൽ നിന്നും 40,000/- രൂപയാണ് വകയിരുത്തിയിരുന്നത്. 38,950/- രൂപ ഈ പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. ഹയർ സെക്കന്ററിയിൽ 11 പഠിതാക്കൾക്ക് 1,950/- രൂപ വീതം 21,450/- രൂപയും പത്താം തരത്തിൽ 10 പേർക്ക് 1,750/- രൂപ പ്രകാരം 17,500/- രൂപ ഉൾപ്പെടെയുള്ള തുകയാണ് സ്റ്റേറ്റ് ലിറ്ററസി മിഷന് നൽകിയിട്ടുള്ളത്. തുകയുടെ കൈപ്പറ്റ് രസീത്, പഠിതാക്കളുടെ വിവരങ്ങൾ, രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ, അറ്റൻഡൻസ് മുതലായവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രോജക്ടിൽ ചെലവഴിച്ച 38,950/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>ചെലവ്</u>

| ചെക്ക് നം./തീയതി | തുക |
|---|---|
| 6780221/25.10.18 | 30000/- |
| 6780222/25.10.18 | 8950/- |

## 1-40 പരമ്പരാഗത കൈത്തൊഴിലുകൾക്ക് ധനസഹായം - സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധന പാലിച്ചിട്ടില്ല

പരമ്പരാഗത കൈത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി സ്പിൽ ഓവറായി നടപ്പാക്കിയ S0111/19 നമ്പർ പ്രോജക്ടിൽ, വികസനഫണ്ട് (ടി.എസ്.പി.) 27,000/- രൂപയും

തനതുഫണ്ട് 3,000/- രൂപയും ഉൾപ്പെടെ ആകെ 30,000/- രൂപയാണ് വകയിരുത്തിയത്. 2017-18 വർഷം ആരംഭിച്ച് സ്പിൽ ഓവറായി തുടരുന്ന ഈ പ്രോജക്ടിനായി 2017-18 വർഷം 1,85,000/- രൂപ ചെലവഴിച്ചിരുന്നു. ഈ വർഷം 30,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ പ്രകാരം മിനിമം 5 പേരടങ്ങുന്ന ഗ്രൂപ്പുകൾക്കുമാത്രമാണ് ധനസഹായം അനുവദിക്കാവുന്നത്. ഒറ്റത്തവണ ധനസഹായം ഗ്രൂപ്പുകളുടെ പേർക്കാണ് നൽകേണ്ടത്. എന്നാൽ വ്യക്തിഗത ധനസഹായം നൽകുന്ന രീതിയിലാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. വാങ്ങിയ വസ്തുക്കളുടെ ഇനമോ അളവോ വിലയോ രേഖപ്പെടുത്താതെ പദ്ധതിക്കായി സാധനങ്ങൾ നൽകിയ ഇനത്തിൽ 10,000/- രൂപ കൈപ്പറ്റിയതായുള്ള രസീതിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകിയിട്ടുള്ളത്. ഗുണഭോക്താക്കൾ പരമ്പരാഗത കൈത്തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരാണെന്നുള്ള സാക്ഷ്യപ്പെടുത്തൽ ഇല്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. മേൽവിവരങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/09.12.2019) 5 പേരടങ്ങിയ ഗ്രൂപ്പായി കണക്കാക്കിയാണ് തുക നൽകിയതെന്നും ഗ്രൂപ്പിന്റെ സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും പേരിൽ തുക നൽകിയാൽ ഗുണഭോക്താക്കൾക്ക് തുക ലഭിക്കില്ലെന്നും മറുപടി ലഭ്യമാക്കുകയും സമിതി ഒപ്പിടാത്ത മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കുകയും ചെയ്തു. മറുപടി സാധൂകരിക്കുന്നതിനുള്ള രേഖകൾ ഒന്നുംതന്നെ ഫയലിൽ ഇല്ലാത്തതിനാലും മുൻവർഷം ഇതേ രീതിയിൽ തന്നെ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളതിനാലും മറുപടി തൃപ്തികരമല്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് മാത്രം പ്രോജക്ട് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് - യഥാസമയം റിക്വിസിഷൻ നൽകാതെ ഫണ്ട് നഷ്ടപ്പെടുത്തി

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് (പ്രോജക്ട് നം. S0091/19) എന്ന പ്രോജക്ടിൽ പൊതുവിഭാഗം വികസനഫണ്ട് 3,00,000/- രൂപയാണ് വകയിരുത്തിയിരുന്നത്. പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ച്, Avalon Systems & Services എന്ന സ്ഥാപനത്തിൽ നിന്നും 10 ലാപ്ടോപ്പുകൾ വാങ്ങിയതായി കാണുന്നു. 10 ലാപ്ടോപ്പുകൾ വാങ്ങിയതിന്റെ രേഖയായി രണ്ടു ബില്ലുകൾ ഫയലിൽ ഉണ്ട്. എന്നാൽ 8 ലാപ്ടോപ്പുകളുടെ വിലയായ 2,38,720/- രൂപയാണ് 2018-19 വർഷം ചെലവഴിച്ചിട്ടുള്ളത്. ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | വാങ്ങിയ ലാപ് ടോപ്പുകളുടെ എണ്ണം/ നിരക്ക് | തുക |
|---|---|---|
| B1758/03.01.2019 | 8 @ 29840 | 238720/- |
| B1786/05.01.2019 | 2 @ 29840 | 59680/- |
| ആകെ | 10 എണ്ണം | 298400/- |

ലഭിച്ച ലാപ്ടോപ്പുകളുടെ എണ്ണം സംബന്ധിച്ചും പൂർണ്ണമായ തുക നൽകാത്തത് സംബന്ധിച്ചും തുക ആവശ്യപ്പെട്ടുകൊണ്ട് സ്ഥാപനം നൽകിയ കത്തിടപാടുകളുടെ രേഖകൾ, പ്രോജക്ടിന് 2019-20 വർഷത്തേക്ക് സ്പിൽ ഓവർ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ മുതലായവ ഓഡിറ്റിന് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/10.12.2019), 10 ലാപ്ടോപ്പുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ടെന്നും മാർച്ച് മാസത്തിൽ റിക്വിസിഷൻ നൽകിയെങ്കിലും ഫണ്ട് ലഭ്യമായില്ല എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. മാത്രമല്ല, പ്രോജക്ട് സ്പിൽ ഓവറാക്കി അംഗീകാരം വാങ്ങിയില്ല എന്നും തുക ആവശ്യപ്പെട്ട് സ്ഥാപനം നിരന്തരം ഫോണിൽ ബന്ധപ്പെടാറുണ്ടെന്നും സ്പിൽ ഓവർ അംഗീകാരം ലഭിക്കുന്നതിന് കോർഡിനേഷൻ കമ്മിറ്റിയ്ക്ക് സമർപ്പിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി 25.10.2019-ൽ തീരുമാനം എടുത്തിട്ടുണ്ടെന്നും അറിയിച്ചു. 05.01.2019-ൽ സ്ഥാപനം ഉപകരണം സപ്ലൈ ചെയ്തശേഷം മാർച്ച് മാസം വരെ

റിക്വിസിഷൻ നൽകുവാൻ വൈകിയതെന്തിനെന്ന് വ്യക്തമല്ല. അതുപോലെ പൊതുവിഭാഗം വികസനഫണ്ടിൽ 31.03.2019-ൽ 2,09,966/- രൂപ ബാലൻസ് വരുകയും ഈ തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, യഥാസമയം റിക്വിസിഷൻ നൽകാത്തതിനാലും ഫണ്ട് സ്ഥാപനത്തിന് കൈമാറാത്തതിനാലും തുക പഞ്ചായത്ത് നഷ്ടപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഇത് ശരിയായ പ്രവണതയല്ല. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-42 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ

**1.പ്രോജക്ടിന്റെ പേര് - പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ**

പ്രോജക്ട് നം.- S0030/19

ഫണ്ട്-മെയിന്റനൻസ് ഫണ്ട് റോഡിതരം

ബിൽ നം.7-18/19/14.01.19 = 2,00,000

PRF NO-2518,19/11/2018 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി 2,00,000/- രൂപ മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയെങ്കിലും മരുന്നുകളൊന്നും ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36) മറുപടി ലഭ്യമാക്കിയിട്ടില്ല.

2.പ്രോജക്ടിന്റെ പേര്-പി.എച്ച്.സി ലാബിന് പ്രവർത്തന ഫണ്ട്.

പ്രോജക്ട് നം. S0031/19

ഫണ്ട്-മെയിന്റനൻസ് ഫണ്ട് റോഡിതരം

അടങ്കൽ-45000/-

ചെലവ്-42097/-

ബിൽ നം-02-18/19/12.01.19 = 29094,

ബിൽ നം-08-18/19/26.02.19 = 13003

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പി.എച്ച്.സി ലാബിന് പ്രവർത്തന ഫണ്ട് എന്ന പ്രോജക്ട് പ്രകാരം ബിൽ നം-02/18/19/12.01.18 = 29094, നടത്തിയ വാങ്ങലുകൾ തദ്ദേശസ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂർമെന്റ് മാന്വൽ ജി.ഒ(പി)259/2010/ത.സ്വ.ഭ.വ തീയതി 08/11/2010 പ്രകാരം പാലിക്കേണ്ട ക്വട്ടേഷൻ, ടെണ്ടർ നിബന്ധനകൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/16.12.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

**3.ബിൽ നം-08-18/19/26.02.19** =13003 പ്രകാരം ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റിന് image ന് കൊടുത്ത അഡ്വാൻസ് തുകയുടെ വിശദാംശങ്ങൾ, കരാർ വ്യവസ്ഥകൾ, പ്രവർത്തനങ്ങൾ എന്നിവ ഫയൽ പരിശോധനയിൽ ലഭ്യമായില്ല. ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/16.12.19) മറുപടി ലഭ്യമാക്കുകയോ ഫയലുകൾ ഹാജരാക്കുകയോ ചെയ്തില്ല. ഈ സാഹചര്യത്തിൽ ക്രമ നം.1, 2, 3 എന്നിവയിലെ ചെലവുകൾ യഥാക്രമം 200000/-, 29094/-, 13003/- ഒട്ടാകെ 2,42,097/-രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി പ്രകാരം പി.എച്ച്.സിക്ക് ലഭ്യമായ മരുന്നുകളുടെ വിവരം, പി.എച്ച്.സി ലാബിനു വേണ്ടി നടത്തിയ വാങ്ങലിനാധാരമായ ക്വട്ടേഷൻ നടപടികളുടെ വിവരം, ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റിനായി നൽകിയ മുൻകൂർ തുക സംബന്ധിച്ച കരാർ സ്ഥാപനം നടത്തിയ

പ്രവർത്തനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-43 സാന്ത്വന പരിചരണം-അപാകതകൾ

പ്രോജക്റ്റ് നം. S0029/19

പ്രോജക്റ്റിന്റെ പേര് - സാന്ത്വന പരിചരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഫണ്ട് – പൊതുവിഭാഗം സാധാരണ വിഹിതം

അടങ്കൽ – 3,00,000/-

ചെലവ് – 2,44,820/-

| ബിൽ നം./തീയതി | തുക |
|---|---|
| 01-18/19/14.08.18 | 81270/- |
| 03-18/19/20.10.18 | 87180/- |
| 04-18/19/26.11.18 | 16000/- |
| 06-18/19/14.01.19 | 60370/- |
| ആകെ | 244820 |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പി.എച്ച്.സി ക്ക് സാന്ത്വന പരിചരണം എന്ന പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി (ബിൽ നം.04-18/19/26.11.18) **16,000/-** രൂപ മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയെങ്കിലും മരുന്നുകളൊന്നും ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/16.12.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതു കൂടാതെ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഈ പ്രോജക്ടിന് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം തനതു ഫണ്ടിൽ നിന്ന് 99,442/-രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/16.12.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 99442/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
2. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ സുഗമവും സുതാര്യവുമായ നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് **(3217/15/ത.സ്വ.ഭ.വ. തീയതി.29.10.2015)** പ്രകാരം പാലിയേറ്റീവ് പരിചരണ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്ന രോഗികളുടെ പേരുകൾ (മരണപ്പെട്ടവരും, ഒഴിവാക്കപ്പെട്ടവരും ഒഴികെ) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ മേൽപ്പറഞ്ഞ ഉത്തരവിന്റെ തീയതി **(29.10.15)** മുതൽ **60** ദിവസത്തിനകം പ്രദർശിപ്പിക്കണമെന്നും അല്ലാത്ത പക്ഷം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് പരിചരണത്തിൽപ്പെട്ട രോഗികളുടെ പേരുകൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.
3. പാലിയേറ്റീവ് പരിചരണത്തിന് ഉപയോഗിക്കുന്ന വാഹനം സംബന്ധിച്ച് ക്ഷണിച്ച ക്വട്ടേഷൻ, തീരുമാനം എന്നിവ ഫയലിൽ ലഭ്യമായില്ല.

# 1-44 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം

അസിസ്റ്റന്റ് എഞ്ചിനിയറുടെ 85 പ്രവൃത്തികളിൽ 50 എണ്ണത്തിന് മാത്രമാണ് തൻവർഷം തുക ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളത്. വകയിരുത്തിയ 3.49 കോടി രൂപയിൽ 1.65 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 49% മാത്രമാണ് ചെലവ്.

മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ താഴെ ചേർക്കുന്നു.

**എ. <u>പ്രോജക്ടുകളുടെ വിവരം</u>**

തൻവർഷം പൂർത്തീകരിക്കാത്ത 33 പ്രവൃത്തികളിൽ 9 എണ്ണവും മുൻവർഷം പൂർത്തീകരിക്കാതിരുന്ന സ്പിൽ ഓവർ പ്രവൃത്തികളാണ്. തൻവർഷം മാർച്ച് മാസത്തിൽ സമർപ്പിച്ച വളരെയധികം ബില്ലുകൾ ക്യൂ ബില്ലുകളായി മാറിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പ്രവൃത്തികളും സ്പിൽ ഓവറാവുകയും തൻവർഷത്തെ ചെലവ് ശതമാനത്തെ ബാധിക്കുകയും **ചെയ്യുവാൻ ഇടയാക്കുകയും ചെയ്തിട്ടുണ്ട്.**

ഭൂരിഭാഗം ബില്ലുകളും സാമ്പത്തിക വർഷാവസാനത്തിൽ മാത്രം ട്രഷറിയിൽ സമർപ്പിക്കുന്നതിനാൽ തുക മാറാതിരിക്കുവാനും അതുവഴി ചെലവു ശതമാനം കുറയുവാനും ഇടയാക്കുന്ന സാഹചര്യം നിലനിൽക്കുന്നു. **ഈ സാഹചര്യം വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി പരിഹാരനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട മരാമത്ത് സ്ഥിരം സമിതിയും പഞ്ചായത്ത് ഭരണസമിതിയും ശ്രദ്ധപുലർത്തേണ്ടതാണ്.**

## 1-45 ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി.3/4620/12/സിഇ/ത.സ്വ.ഭ.വ തീയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലീൻ കേരള മിഷൻ മുഖേന ആവശ്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് ലഭ്യമാകുന്നതാണെന്നും സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട്.

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ ആയതനുസരിച്ച് 2018-19 വർഷത്തിൽ തൻവർഷം നടപ്പാക്കിയ 6 പ്രവൃത്തികളിലായി 314 കി.ഗ്രാം ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം നം. 2/07-12-2019 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പരമാവധി പ്രവൃത്തികളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 കാർഷിക പദ്ധതികൾ- വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ 2018 -19 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ കാർഷിക പദ്ധതികളുടെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

1) നാളികേരകൃഷി വികസനം (പ്രോജക്ട് നം-04/19)

(ബിൽ നം-02/18-19 Rs.250263/- C/o 29/12/18

08/18-19 Rs.62811/- C/o 04/02/19

10/18-19 Rs.23475/- C/o 04/02/19

15/18-19 Rs.1500/- C/o 27/03/19)

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 3500 തെങ്ങുകൾക്ക് മരതകം കർഷക ഗ്രൂപ്പിൽ നിന്നും ജൈവവളം, വി.എഫ്.പി.സി.കെയിൽ നിന്നും 333 എണ്ണം പുതിയ ഹൈബ്രിഡ് തെങ്ങിൻ തൈകൾ എന്നിവയാണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്. കിലോഗ്രാമിന് 10/- രൂപ നിരക്കിൽ 3500 കി.ഗ്രാം ഡോളോമൈറ്റ്, 30/- രൂപ വീതം നിരക്കിൽ 7,000 കി.ഗ്രാം എല്ലുപൊടി, 17,500 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് എന്നിവയാണ് മരതകം കർഷക ഗ്രൂപ്പിൽ നിന്നും വാങ്ങിയത്.

**2) <u>പച്ചക്കറി വികസനം</u>** (<u>പ്രോജക്ട് നം.06/19</u>)

(ബിൽ നം-03/18-19 Rs.59,850/- C/o 29.12.2018

ബിൽ നം-13/18-19 Rs.47,888/- C/o 04.02.2019)

ഈ പദ്ധതി പ്രകാരം മരതകം കർഷക ഗ്രൂപ്പിൽ നിന്നും 3 രൂപ നിരക്കിൽ 7650 പച്ചക്കറി വിത്തുകളും കിലോഗ്രാമിന് 20/- രൂപ നിരക്കിൽ 4500 കി.ഗ്രാം സമ്പുഷ്ടീകരിച്ച ചാണകം എന്നിവയും കേരള അഗ്രി.യൂണിവേഴ്സിറ്റിയിൽ നിന്നും 255 കി.ഗ്രാം വീതം സ്യൂഡോമോണസ്, ബിവേറിയ എന്നിവയുമാണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്. കൂലിച്ചെലവ് സബ്സിഡിയായി 1,27,500/-രൂപ ബ്ലോക്ക് വിഹിതത്തിൽ നിന്നും നൽകിയിട്ടുണ്ട്.

**3) <u>കിഴങ്ങ് കൃഷി വ്യാപനം (പ്രോജക്ട് നം-07/19</u>)**

ബിൽ നം -04/18-19 Rs.251000/- c/o 29.12.18

ബിൽ നം -11/18-19 Rs.49,000/- c/o 04.02.19

ബിൽ നം -14/18-19 Rs.67500/- c/o 04.02.19

ഈ പദ്ധതി പ്രകാരം ചേന, ചേമ്പ്, കപ്പക്കമ്പ് എന്നിവയുടെ ഓരോ യൂണിറ്റും സമ്പുഷ്ടീകരിച്ച ചാണകം എന്നിവ ഗുണഭോക്താക്കൾക്ക് നൽകി കിഴങ്ങ് വർഗ്ഗങ്ങൾ കെയ്കോയിൽ നിന്നും കിലോഗ്രാമിന് 20/- രൂപ നിരക്കിൽ 4500 കി.ഗ്രാം സമ്പുഷ്ടീകരിച്ച ചാണകം മരതകം കർഷക ഗ്രൂപ്പിൽ നിന്നുമാണ് വാങ്ങിയത്.

**4) <u>വാഴ കൃഷി വികസനം (പ്രോജക്ട് നം-08/19</u>)**

ബിൽ നം -05/18-19 Rs.1,01,250/- c/o 29.12.18

ബിൽ നം -6/18-19 Rs.29,700/- c/o 29.12.18

ബിൽ നം -9/18-19 Rs.30475/- c/o 04.02.19

ഈ പദ്ധതി പ്രകാരം 6750 ഞാലിപ്പൂവൻ വാഴവിത്ത് ഒന്നിന് 15/- രൂപ നിരക്കിൽ കെയ്കോയിൽ നിന്നും കിലോഗ്രാമിന് 10/- രൂപ നിരക്കിൽ 1750 കി.ഗ്രാം ഡോളോമൈറ്റ്, 30/- രൂപ നിരക്കിൽ 1750 കി.ഗ്രാം എല്ലുപൊടി, 1750 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് എന്നിവയാണ് മരതകം കർഷക ഗ്രൂപ്പിൽ നിന്നും വാങ്ങിയത്.

**4) <u>നെൽകൃഷി വികസനം (പ്രോജക്ട് നം-08/19</u>)**

ബിൽ നം -01/18-19 Rs.1,06,800/- c/o 21.12.18

ബിൽ നം -7/18-19 Rs.255,000/- c/o 11.03.19

ബിൽ നം -12/18-19 Rs.1000/- c/o 04.02.19

കെ.എസ്.എസ്.ഡി.എ യിൽ നിന്നും 2670 കി.ഗ്രാം ഉമ നെൽവിത്ത് കി.ഗ്രാം - ന് 40/- രൂപ നിരക്കിലും ഹെക്ടറിന് 17000/- രൂപ നിരക്കിൽ കൂലിചെലവുമാണ് പദ്ധതി പ്രകാരം നൽകിയത്.

*ഈ പദ്ധതികളുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.*

1) ഓരോ പദ്ധതിയിലും വാങ്ങിയ ആകെ ഗുണഭോക്തൃവിഹിതം, ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഈ വാങ്ങലുകൾ പഞ്ചായത്തിലെ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചതായോ കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടേയും അനുമതി ലഭ്യമാക്കിയതായോ വിവരങ്ങളൊന്നും ഹാജരാക്കിയിട്ടില്ല.

2) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോക്യൂർമെന്റ് മാന്വൽ പ്രകാരം 50,000/- രൂപക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ് നടത്തേണ്ടത്. കൃഷി ഓഫീസർ തൻ വർഷം നടപ്പിലാക്കിയ പദ്ധതികളിൽ തദ്ദേശസ്ഥാപനങ്ങൾക്ക് ബാധകമായ പ്രോക്യൂർമെന്റ് മാന്വൽ ജി.ഒ (പി) 259/2010/ ത.സ്വ.ഭ.വ തീയതി 08/11/2010 പ്രകാരം പാലിക്കേണ്ട ക്വട്ടേഷൻ, ടെണ്ടർ നിബന്ധനകൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ടെണ്ടറില്ലാതെ 10,95,450/- രൂപ ചെലവഴിച്ച് മരതകം കർഷക ഗ്രൂപ്പിൽ നിന്നും വളം, പച്ചക്കറിവൃക്ഷത്തൈകൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നടത്തുന്ന ടെണ്ടറിൽ മറ്റ് സ്ഥാപനങ്ങൾക്കൊപ്പം പങ്കെടുത്ത് കുറഞ്ഞ നിരക്ക് നൽകിയാൽ ഈ സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്താമെന്നല്ലാതെ, സ്ഥാപനം നേരിട്ട് ഉത്പാദനം നടത്താത്ത എല്ലുപൊടി, വേപ്പിൻപിണ്ണാക്ക്, ഡോളോമൈറ്റ് എന്നിവ യാതൊരു വാങ്ങൽ നടപടിക്രമങ്ങളും പാലിക്കാതെ നേരിട്ട് വാങ്ങിയത് ക്രമപ്രകാരമല്ല. ടെണ്ടർ വിളിക്കാത്തതിനാൽ മറ്റ് സ്ഥാപനങ്ങൾക്ക് ഇവയുടെ നിരക്ക് ക്വാട്ട് ചെയ്യാനും അതുവഴി കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള സാധനങ്ങളുടെ വാങ്ങലിനുള്ള സാധ്യത പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല.

3) മരതകം കർഷക ഗ്രൂപ്പ് ടെണ്ടർ വഴി കുറഞ്ഞ നിരക്കിൽ വാങ്ങിയ വളങ്ങൾ അധിക നിരക്കിൽ ഗ്രാമപഞ്ചായത്തിന് നൽകുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്ത് നേരിട്ട് ടെണ്ടർ നൽകിയാൽ മരതകം വാങ്ങിയതിലും കുറഞ്ഞ നിരക്കിൽ ഇവ ലഭ്യമാകുന്ന സാഹചര്യവുമുണ്ടായിരുന്നു. ടെണ്ടറില്ലാതെ നേരിട്ട് വാങ്ങാൻ സർക്കാർ അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ഇവ നേരിട്ട് വാങ്ങാമായിരുന്നു. ഈ സാധ്യതകൾ പ്രയോജനപ്പെടുത്താത്തത് പഞ്ചായത്തിന്റെ പദ്ധതി വിഹിതം, തനത് ഫണ്ട് എന്നിവയിൽ അധിക ചെലവിന് കാരണമായി.

4) മരതകം കർഷകഗ്രൂപ്പിന്റെ ജി.എസ്.ടി നമ്പർ ബില്ലുകളിൽ ഇല്ല. സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ വിവരങ്ങളും ലഭ്യമല്ല. ഗ്രാമപഞ്ചായത്തിൽ വാങ്ങിയ ഡോളമൈറ്റ് 5% നിരക്കിൽ ജി.എസ്.ടി ബാധകമായ ഉത്പന്നമാണ്. ആയതിനാൽ ജി.എസ്.ടി ഇനത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് വരുമാനം ലഭിക്കാത്ത സ്ഥിതിയുണ്ട്.
മരതകം കർഷകഗ്രൂപ്പിൽ നിന്നും ആകെ 5250 കി.ഗ്രാം ഡോളമൈറ്റ് വാങ്ങിയിട്ടുണ്ട് (നാളികേരവികസനം എന്ന പ്രോജക്ടിന് കീഴിൽ 3500 കി.ഗ്രാം വാഴകൃഷി വികസനം എന്ന പ്രോജക്ടിൽ 1750 കി.ഗ്രാം). ഇതിന് കിലോ ഗ്രാമിന് 10/- രൂപ പ്രകാരം 52500/- രൂപ നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് 8/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. കിലോ ഗ്രാമിന് 2/- രൂപ അധികം നൽകിയാണ് ഡോളമൈറ്റ് മരതകം കർഷകഗ്രൂപ്പിൽ നിന്നും വാങ്ങിയിട്ടുള്ളത്. ഈയിനത്തിൽ 10500/- രൂപ (525012) അധികം ചെലവഴിക്കേണ്ടിവന്നിട്ടുണ്ട്.
ക്വട്ടേഷൻ/'ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിയതിനാൽ ഇവ കുറഞ്ഞ നിരക്കിൽ ലഭ്യമാകുമോ എന്നത് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

07) 02/12/2016 ലെ ജി.ഒ (സാധാ നം.3299 /2016 /തസ്വഭവ) പ്രകാരം തദ്ദേശസ്ഥാപനങ്ങളിലെ വാങ്ങലുകളിൽ സർക്കാർ/അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ സ്വയം ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് മാത്രമാണ് ടെണ്ടർ നിബന്ധനകളിൽ ഇളവ് നൽകി നേരിട്ട് വാങ്ങാൻ അനുവദിച്ചിട്ടുള്ളത്. എന്നാൽ പാണാവള്ളി കൃഷി ഭവൻ വഴി നടപ്പിലാക്കിയ കിഴങ്ങ് കൃഷി പദ്ധതിയിൽ 3,00,000/- രൂപയുടെ ചേമ്പ്,ചേന വിത്ത് കപ്പത്തണ്ട് എന്നിവയും വാഴകൃഷി പദ്ധതിയിൽ 2,62,500/- രൂപയുടെ വാഴവിത്തും ടെണ്ടറില്ലാതെ കാർഷിക ഉപകരണങ്ങളുടേയും, യന്ത്രങ്ങളുടേയും നിർമ്മാതാക്കളായ കെയ്കോയിൽ നിന്ന് വാങ്ങിയിട്ടുള്ളത്.

തദ്ദേശസ്ഥാപനങ്ങളുടെ വാങ്ങൽ മാർഗ്ഗരേഖ പ്രകാരം മാത്രം വാങ്ങൽ നടത്തുന്നതിനും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ട് എന്നുറപ്പ് വരുത്തുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 212500 | നെൽകൃഷി വികസനം | 212500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 127500 | പച്ചക്കറി കൃഷിവികസനം | 127500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 550000 | പാലിന് സബ്സിഡി | 550000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ബഡ്സ് സ്കൂൾ | 77869 | 122131 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | സാന്ത്വന പരിചരണം | 199540 | 460 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 789748 | ലൈഫ് ജനറൽ | 789748 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 120000 | ലൈഫ് എസ്.സി. | 120000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | മാനസിക-ശാരീരിക സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | ***300000** | മാനസിക-ശാരീരിക സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 2542055 | ലൈഫ് ജനറൽ | 2510906 | 31149 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1200000 | ലൈഫ് എസ്.സി. | 330331 | 869669 |
| ജില്ലാപഞ്ചായത്ത് | 2018-19 | 313043 | ലൈഫ് എസ്.ടി. | 273750 | 39293 |
| ജില്ലാപഞ്ചായത്ത് | 2018-19 | ***1160000** | അങ്കണവാടി നിർമ്മാണം | 0 | 1160000 |

* എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ടി തുക മറ്റ് ഗ്രാമപഞ്ചായത്തു വിഹിതമായാണ് ചേർത്തിരിക്കുന്നത്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭ്യമായ തുകയാണിത്.

## 4-2.നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | ലൈൻ എക്സ്റ്റെൻഷൻ | 21800955 | 124761 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| | | 2100953 | 1621570 | 0 | |
| | | 21001277 | 2201600 | 0 | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 39956573/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | 39956573 | 0 | 0 | 0 | 39956573 |

## 4-5.സ്ഥിര നിക്ഷേപം

ഇല്ല

## 4-6.ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 25503/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2015-16 | 3-5 | 6215 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 1180101100093/5.4.18 |
| 2013-14 | 3-1 | 7359 | | 1180101100746/8.5.18 |
| 2013-14 | 3-1 | 7358 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1180101100747/8.5.18 |
| 2016-17 | 3-14-2 | 4571 | രതകുമാർ | 1180101100984/21.5.18 |

## 4-7.സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡിക

ഇല്ല

## 4-9.ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 122709284 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 121776056 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2556670 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10500/- | ശ്രീമതി സിന്ധു.എം, കൃഷി ഓഫീസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 6800 | ശ്രീ.കെ.സി.ശിവദാസൻ, സെക്രട്ടറി |
| 1-28 | 1746331 | ശ്രീ.വിൻസെന്റ് ഡിസൂസ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-36 | 3050 | ശ്രീ.വിൻസെന്റ് ഡിസൂസ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-37 | 40000 | ശ്രീ.ഉണ്ണിക്കുട്ടൻ,വി.ഇ.ഓ.തൃച്ചാറ്റുകുളം |
| | 40000 | ശ്രീമതി.ബിൻസി അഗസ്റ്റിൻ, വി.ഇ.ഓ,ഓടമ്പള്ളി |
| 1-38 | 340000 | ശ്രീമതി മൈഥിലിദേവി, ഹെഡ്മിസ്ട്രസ് |
| | | |

| | | |
|---|---|---|
| 1-39 | 38950 | |
| 1-42 | 242097 | ഡോ.അരുൺമിത്ര വി.വി, മെഡിക്കൽ ഓഫീസർ |
| 1-43 | 99442 | |
| ആകെ | 2556670 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക 1-31

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.സി.ശിവദാസൻ<br>സെക്രട്ടറി | വിരമിച്ചു | കല്ലുകണ്ടത്തിൽ, കറ്റാനം,<br>പള്ളിക്കൽ,കോട്ടയം |
| ശ്രീ.വിൻസെന്റ്ഡിസൂസ,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>പാണാവള്ളി ഗ്രാമപഞ്ചായത്ത് | റോസ് ഗാർഡൻ,<br>മരുത്തോർവട്ടം,<br>ചേർത്തല |
| ശ്രീ.ഉണ്ണിക്കുട്ടൻ,വി.ഇ.ഒ.,തുച്ചാറ്റുകുളം | ഇ.ഓ.ഡബ്ല്യൂ.ഡബ്ല്യൂ.മാടപ്പള്ളി<br>ഗ്രാമപഞ്ചായത്ത് | കടവിൽ, പൂച്ചാക്കൽ,<br>ചേർത്തല |
| ശ്രീമതി.ബിൻസി അഗസ്റ്റിൻ,<br>വി.ഇ.ഓ,ഓടമ്പള്ളി | വി.ഇ.ഒ.,പാണാവള്ളി ഗ്രാമപഞ്ചായത്ത് | കോയിക്കപറമ്പ് ഹൗസ്,<br>മരുത്തോർവട്ടം,ചേർത്തല |
| ശ്രീമതി.മൈഥിലിദേവി,<br>ഹെഡ്മിസ്ട്രസ്. | ഹെഡ്മിസ്ട്രസ്,എൽ.പി.എസ്,തുച്ചാറ്റുകുളം | മംഗലത്ത് ഹൗസ്, പെരുമ്പളം<br>പി.ഓ., ചേർത്തല |
| ഡോ.അരുൺമിത്ര വി.വി,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | വേലുത്തറ ഹൗസ്,<br>അരൂക്കുറ്റിപി.ഒ., ചേർത്തല |
| സിന്ധു എം,കൃഷി ഓഫിസർ | കൃഷി ഓഫിസർ<br>കടക്കരപ്പള്ളി | കൗസ്തുഭം,cmc 12<br>ചേർത്തല,ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ 5-832/11, തീയതി. 31.01.2015 |
| 2006-07 | എൽ.എഫ്. പി 9-279/11, തീയതി. 11.08.11/05.09.11 |
| 2007-08 | എൽ.എഫ്.പി 9-280/11, തീയതി. 11.08.11/05.09.11 |
| 2008-09 | എൽ.എഫ്.പി 9-491/12, തീയതി. 16.07.12/08.08.12 |
| 2009-10 | എൽ.എഫ്.പി 9-491/12, തീയതി. 16.07.12/08.08.12 |
| 2010-11 മുതൽ 2012-13 വരെ | എൽ.എഫ്.പി 9-1097/13, തീയതി. 15.03.14/13.06.14 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി9-1579/15, തീയതി.23.12.15/30.12.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി9-825/16, തീയതി.28.07.16 |

| | |
|---|---|
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി9-21/2017, തീയതി.12.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി9-1116/2017, തീയതി.22.08.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി9-173/19 തീയതി, 07.02.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

# അനുബന്ധം 1
## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 2

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ